
# എറണാകുളം മിസ്സം
# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 67 Issue No. 2 February 2024 Rs. 15/-



**സീറോമലബാർ സഭയുടെ**
**മേജർ ആർച്ചുബിഷപ്പും**
**എറണാകുളം-അങ്കമാലി അതിരൂപതയുടെ**
**മെത്രാപ്പോലീത്തയുമായി ചുമതലയേറ്റ**

**മാർ റാഫേൽ തട്ടിൽ** പിതാവിന്
സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ!!!





മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണം



മേജർആർച്ച്ബിഷപ്പ്
എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ



മേജർ ആർച്ചുബിഷപ്പ് എറണാകുളം അരമനയിൽ

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 67 Issue No. 2 February 2024 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. ലോക രോഗീദിനം
9. തിരുബാലസഖ്യദിനം (കെ.സി.ബി.സി)
14. മദ്യവിരുദ്ധ ഞായർ (കെ.സി.ബി.സി)
19. സർക്കുലർ 1/2024 - പുതിയ മേജർ ആർച്ചുബിഷപ്
21. സർക്കുലർ 2/2024 - സിനഡിന്റെ അഭ്യർത്ഥന
30. കച്ചേരിക്കാര്യം
33. വാർത്തകളും വിശേഷങ്ങളും
34. നിര്യാതരായി
36. വിശ്വാസപരിശീലന കേന്ദ്രം
38. ഫാമിലി അപ്പോസ്റ്റലേറ്റ്
39. കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
41. AICO
42. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
47. നൈപുണ്യ ഇന്റർനാഷണൽ
49. ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്പ്സ്
49. ബൈബിൾ അപ്പോസ്റ്റലേറ്റ്
52. ഫാമിലി യൂണിറ്റ്സ് & പാരിഷ് റിന്യൂവൽ
53. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Kurisumkal John, Muttuchira | 1893 | 1921 | 1-2-1947 |
| Fr. Myalil Thomas, Keechery | 1948 | 1977 | 2-2-2004 |
| Fr. Manavalan Paul, Elavoor (Kunnel) | 1935 | 1963 | 2-2-2018 |
| Fr. Thekkumthala Kunjouseph, Koratty | | | 3-2-1927 |
| Msgr. Vattoly Paul, Kadukutty | 1906 | 1937 | 6-2-1997 |
| Fr. Elamkuttuchira Joseph, Vaikom | 1897 | 1930 | 8-2-1964 |
| Fr. Thachil Francis, Kuthiathodu | 1911 | 1939 | 8-2-1983 |
| Fr. Kakkattuchira Jacob, Kokkamangalam | 1938 | 1964 | 9-2-2015 |
| Fr. Thachil Jose (N), Narakkal | 1935 | 1961 | 9-2-2023 |
| Msgr. Moothedan Thomas, Meloor | 1911 | 1940 | 11-2-1985 |
| Fr. Chempothanayil Paul, Mevelloor | 1939 | 1966 | 11-2-2022 |
| Fr. Pathiamoola Gheevarghese, Pallipuram | 1891 | 1920 | 12-2-1963 |
| Fr. Koikara Dominic, Kanjoor | 1909 | 1937 | 14-2-1966 |
| Fr. Putharikal Mathew, Ernakulam | 1883 | | 17-2-1956 |
| Fr. Moonjely Thomas TOCD, Chakkarakadavu | 1849 | 1872 | 18-2-1893 |
| Fr. Painadeth Valiya Joseph, Karukutty | 1872 | 1899 | 18-2-1948 |
| Fr. Parayil Jacob, Kudavechoor | 1924 | 1952 | 19-2-2005 |
| Mar Joseph Cardinal Parecattil, Kidangoor | 1912 | 1939 | 20-2-1987 |
| Fr. Manjaly Thomas, Kanjoor | 1880 | 1909 | 21-2-1936 |
| Fr. Kalarikal Geevarghese, Chalil | 1887 | 1915 | 21-2-1963 |
| Fr. Payyappilly Kuriakose, Kanjoor | 1880 | 1909 | 22-2-1940 |
| Fr. Karathuruthil Paul, Valamangalam | 1939 | 1969 | 22-2-2020 |
| Fr. Kandathil Kuriakose, Chembu | 1893 | 1923 | 24-2-1989 |
| Fr. Panapally Joseph, Kudavechoor | 1928 | 1955 | 24-2-2001 |
| Fr. Kachappilly Martin, S. Champanoor | 1968 | 1993 | 25-2-1995 |
| Fr. Vettikkappilly Kuriakose, Vaikom | 1878 | 1902 | 26-2-1947 |
| Fr. Pynadath Sebastian, Karukutty | 1948 | 1973 | 27-2-2021 |
| Fr. Arackaparambil Isaac, Muttom | 1903 | 1933 | 28-2-1960 |
| Fr. Thachil Francis, N. Kuthiathode (Old) | 1934 | 1961 | 28-2-2017 |

No.: 3999/K-5/KCBC/OL/DS 20.01.2024

# 32-ാമത് ലോക രോഗീദിനത്തിൽ

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം
## (ഫെബ്രുവരി 11, 2024)
## 'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല'
## സൗഖ്യദായകമായ ബന്ധങ്ങളാൽ രോഗികളെ സുഖപ്പെടുത്തുന്നത്

'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല' (ഉത്പ 2,18 കാണുക). സ്നേഹമായിരിക്കുന്ന ദൈവം ആദിയിൽതന്നെ നമ്മെ സഹവാസത്തിനായി സൃഷ്ടിച്ചു; മറ്റുള്ളവരുമായി ബന്ധത്തിൽ ഏർപ്പെടാനുള്ള നൈസർഗികമായ കഴിവോടുകൂടിയാണ് അവിടന്ന് നമ്മെ സൃഷ്ടിച്ചത്. പരിശുദ്ധ ത്രിത്വത്തിന്റെ സാദൃശ്യം പ്രതിഫലിപ്പിക്കുന്ന നമ്മുടെ ജീവിതങ്ങൾ സാക്ഷാത്കരിക്കപ്പെടേണ്ടത് ബന്ധങ്ങളുടെയും സൗഹൃദങ്ങളുടെയും നൽകിയും സ്വീകരിച്ചുമുള്ള സ്നേഹത്തിന്റെയും ശൃംഖലകൾ വഴിയാണ്. ഏകരായിരിക്കാനല്ല, മറിച്ച് ഒരുമിച്ചായിരിക്കാനാണ് നാം സൃഷ്ടിക്കപ്പെട്ടത്. സഹവാസത്തിന്റേതായ ഈ പദ്ധതി വ്യക്തമായി മനുഷ്യഹൃദയത്തിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ, തിരസ്കരണത്തിന്റെയും ഏകാന്തതയുടെയും അനുഭവം ഭയാനകവും ദുഃഖകരവും മനുഷ്യത്വരഹിതവുമായ ഒന്നായി നാം കണക്കാക്കുന്നു. ദൗർബല്യത്തിന്റെയും അനിശ്ചിതത്തിന്റെയും അരക്ഷിതത്വത്തിന്റെയും വേളകളിൽ ഈ അനുഭവം നമ്മിൽ കൂടുതൽ ശക്തമാകുന്നു; ഇത് പലപ്പോഴും സംഭവിക്കുന്നത് മാരകമായ രോഗം നമ്മെ കാർന്നുതിന്നാൻ തുടങ്ങുമ്പോഴാണ്.

ഇത്തരുണത്തിൽ, കോവിഡ്-19 മഹാമാരിയുടെ കാലത്ത് ഭയാനകമായ ഏകാന്തത അനുഭവിച്ച എല്ലാവരെയും ഞാൻ ഓർക്കുകയാണ്: സന്ദർശകരെ സ്വീകരിക്കാൻ കഴിയാതെപോയ രോഗികൾ, അസംഖ്യം നേഴ്സുമാർ, ഡോക്ടർമാർ, ജോലിയുടെ സാഹചര്യവും ഭാരവുംമൂലം ഏകാന്തവാർഡുകളിൽ കഴിയേണ്ടിവന്ന ഇതര സഹായഗണത്തിലെ വ്യക്തികൾ തുടങ്ങിയവർ. തങ്ങളുടെ മരണത്തിന്റെ മണിക്കൂറുകൾ ഏകാകികളായി അഭിമുഖീകരിക്കേണ്ടിവന്ന ആളുകളെ നമുക്കിവിടെ വിസ്മരിക്കാനാകില്ല; ആരോഗ്യപരിപാലകരാൽ അവർ ശുശ്രൂഷിക്കപ്പെട്ടെങ്കിലും അവർ തങ്ങളുടെ കുടുംബങ്ങളിൽനിന്ന് അകലെയായിരുന്നു.

യുദ്ധവും അതിന്റെ ദുരന്തപൂർവകമായ അനന്തരഫലങ്ങളുംമൂലം പിന്തുണയും സഹായവും ലഭ്യമാകാതെയായിത്തീർന്നവരുടെ ദുഃഖത്തിലും സഹനത്തിലും ഒറ്റപ്പെടലിലും ഞാൻ പങ്കുചേരുന്നു. സാമൂഹ്യരോഗങ്ങളിൽ ഏറ്റവും ഭയാനകമായതാണ് യുദ്ധം; അതിന്റെ അതിഭയങ്കരമായ ദുരന്തം അനുഭവിക്കുന്നതോ, ഏറ്റവും ദുർബലരായവരുമാണ്.

അതേസമയം, സമാധാനം അനുഭവിക്കുകയും കൂടുതൽ വിഭവസാധ്യതകൾ ഉണ്ടായിരിക്കുകയും ചെയ്യുന്ന രാഷ്ട്രങ്ങളിൽപോലും, വാർദ്ധക്യവും രോഗവും പേറുന്നവർ പലപ്പോഴും ഏകാന്തത അനുഭവിക്കുന്നവരും ചിലപ്പോഴെങ്കിലും തിരസ്കൃതരാകുന്നവരും ആണെന്നുള്ളതും ഇവിടെ പറയാതിരിക്കാൻ വയ്യ. ഇത് വ്യക്തികേന്ദ്രീകൃത സംസ്കാരത്തിന്റെ (culture of individualism) അനന്തരഫലം ആണെന്ന അസ്വസ്ഥജനകമായ യാഥാർഥ്യം അംഗീകരിക്കേണ്ടിയിരിക്കുന്നു. എന്തുവിലകൊടുത്തും ഉത്പാദനക്ഷമത വർധിപ്പിക്കുക, കാര്യശേഷി എന്ന സങ്കല്പം (myth of efficiency) പുഷ്ടിപ്പെടുത്തുക, തുടങ്ങിയവയാണ് വ്യക്തി കേന്ദ്രീകൃതത്വം താത്പര്യപ്പെടുന്നത്; ഈ പശ്ചാത്തലത്തിൽ വ്യക്തികൾ നിസ്സംഗത പുലർത്തുന്നവരും കഠിനഹൃദയരും അവശ്യംവേണ്ട കാൽവെപ്പുകൾ നടത്താൻ കഴിയാത്തവരും ആയി ഭവിക്കുന്നു. അതൊരു വലിച്ചെറിയൽ സംസ്കാരത്തിനു (throw away culture) വഴിതെളിക്കുന്നു. പ്രസ്തുത സംസ്കാരത്തിൽ വ്യക്തികൾ മേലിൽ ശുശ്രൂഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യേണ്ട പരമപ്രധാന മൂല്യമുള്ളവരായി കണക്കാക്കപ്പെടുന്നില്ല; പ്രത്യേകിച്ച് അവർ "ഉപയോഗമില്ലാത്തവിധം" ദരിദ്രരോ ഭിന്നശേഷിക്കാരോ, അല്ലെങ്കിൽ ജനിച്ചിട്ടില്ലാത്തവരോ, "ഇനി ആവശ്യമില്ലാത്തവിധം" വൃദ്ധരോ എന്നിവരെപ്പോലെ ആയാൽ (*എല്ലാവരും സഹോദരർ*, [Fratelli Tutti] 18). ദുഃഖകരമെന്നു പറയട്ടെ, ഈ തരത്തിലുള്ള കാഴ്ചപ്പാടുകളാണ് പല രാഷ്ട്രീയ തീരുമാനങ്ങളെയും നയിക്കുന്നത്. അത്തരത്തിലുള്ള തീരുമാനങ്ങൾ മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെയോ അവന്റെയോ അവളുടെയോ ആവശ്യങ്ങളെയോ മാനിക്കുന്നില്ല. ഓരോ വ്യക്തിക്കും ആരോഗ്യം സംരക്ഷിക്കുക എന്നതും ആരോഗ്യസംരക്ഷണത്തിന് ആവശ്യമായുള്ള സംവിധാനങ്ങൾ പ്രാപ്യമാകുവാനുള്ള മൗലിക അവകാശം ഉണ്ടെന്നുള്ളതും ഉറപ്പുവരുത്തുന്ന രീതിയിൽ നയങ്ങളും വിഭവങ്ങളും രൂപപ്പെടുത്തുന്നതിനു പ്രസ്തുത തീരുമാനങ്ങൾ സഹായകമാകുന്നില്ല.

ആരോഗ്യപരിരക്ഷണം ശുശ്രൂഷകളുടെ പട്ടികയിൽ കേവലം ഒന്നായി

മാത്രം കണക്കാക്കപ്പെടുന്നത് ദുർബലരായവരുടെ തിരസ്കരണത്തിനും അവരെ ഒറ്റപ്പെടുത്തുന്നതിനും സഹായകമായിത്തീരുന്നു; ആരോഗ്യ പരിചരണത്തോടൊപ്പം യഥാർഥത്തിൽ ആവശ്യമായുള്ളത് ഡോക്ടർ മാരും രോഗികളും അവരുടെ കുടുംബാംഗങ്ങളും തമ്മിലുള്ള ഒരു ചികിത്സാപരമായ ഉടമ്പടി ('therapeutic covenant') ആണ്.

വേദപുസ്തകത്തിന്റെ വാക്കുകൾ നമുക്ക് ഒരിക്കൽ കൂടി കേൾക്കാം: "മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല!" സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം പറഞ്ഞതാണിത്. അങ്ങനെ ദൈവം മനുഷ്യരാശിയെക്കുറിച്ചുള്ള പദ്ധതിയുടെ ആഴത്തിലുള്ള അർഥം നമുക്ക് വെളിപ്പെടുത്തിതരുകയും, അതോടൊപ്പം പാപത്തിന്റെ മാരകമായ മുറിവ് സൃഷ്ടിക്കുന്ന സന്ദേഹ ങ്ങളും വിള്ളലുകളും വിഭജനങ്ങളും തത്ഫലമായുണ്ടാകുന്ന ഒറ്റപ്പെടു ത്തലും ചൂണ്ടികാണിക്കുകയും ചെയ്തു.

പാപം വ്യക്തികളെ ആക്രമിക്കുന്നു, അതോടൊപ്പം അവരുടെ എല്ലാ ബന്ധങ്ങളെയും: ദൈവത്തോടും തങ്ങളോടുതന്നെയും ഇതര മനുഷ്യ രോടും സൃഷ്ടവസ്തുക്കളോടുംകൂടെ പോലും. ഇത്തരത്തിലുള്ള ഒറ്റപ്പെടു ത്തൽ നമ്മുടെ ജീവിതത്തിന്റെ അർഥം മനസ്സിലാക്കുന്നതിൽനിന്നു പോലും നമ്മെ വ്യതിചലിപ്പി ക്കുന്നു; അത് സ്നേഹത്തിന്റെ സന്തോഷം ഇല്ലാതാക്കുന്നു; മാത്രമല്ല, ജീവിതത്തിന്റെ നിർണായകമായ അവസര ങ്ങളിൽ നമ്മെ അലോസരപ്പെടുത്തുന്നവിധത്തിൽ നാം ഒറ്റയ്ക്കാണ് എന്ന ഒരനുഭവം നമ്മിലുളവാക്കുകയും ചെയ്യുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ, ഏതൊരു രോഗത്തിനും ആവശ്യ മായുള്ള ശുശ്രൂഷയുടെ ആദ്യരൂപം കരുണാർദ്രവും സ്നേഹപൂർവക വുമായ സാമീപ്യമാണ്. അതിനാൽ, രോഗീപരിചരണം എന്നത് എല്ലാറ്റി നുമുപരി അവരുടെ ബന്ധങ്ങളെ പരിചരിക്കുന്നതാണ്, എല്ലാത്തരത്തി ലുമുള്ള ബന്ധങ്ങൾ: ദൈവത്തോടും മറ്റുള്ളവരോടും - കുടുംബാംഗ ങ്ങൾ, സ്നേഹിതർ, ആരോഗ്യശുശ്രൂഷകർ - സൃഷ്ടവസ്തുക്കളോടും തങ്ങളോടുതന്നെയും. ഇത് ചെയ്യാനാവുമോ? തീർച്ചയായും, ഇത് ചെയ്യാ നാകും; ഇത് നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്താൻ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. നല്ല സമരിയാക്കാരന്റെ ചിത്രത്തിലേക്ക് നമുക്ക് നോക്കാം (ലൂക്കാ 10,25-37); ഇറങ്ങിചെല്ലാനും, മറ്റൊരു വ്യക്തിയുടെ സമീപത്ത് എത്താനും, വേദന അനുഭവിക്കുന്ന ഒരു സഹോദരന് ആർദ്രമായ സ്നേഹംപകരാനും അവന്റെ മുറിവുകൾ വച്ചുകെട്ടാനും അയാൾ കാണിക്കുന്ന താത്പര്യം നമുക്ക് ശ്രദ്ധിക്കാം.

നമ്മുടെ ജീവിതത്തിന്റെ ഈ കേന്ദ്രസത്യം നമുക്ക് അനുസ്മരിക്കാം: നമ്മൾ ഈ ലോകത്തിലേക്കു വന്നത് ആരോ നമ്മളെ സ്വാഗതം ചെയ്തതുകൊണ്ടാണ്; സ്നേഹത്തിനായാണ് നാം സൃഷ്ടിക്കപ്പെട്ടത്: സംസർഗത്തിനും സാഹോദര്യത്തിനുമാണ് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ജീവിതത്തിന്റെ ഈ അംശമാണ് നമ്മെ നിലനിർത്തുന്നത്, ഏറെ പ്രത്യേകിച്ച് രോഗത്തിന്റെയും ദൗർബല്യത്തിന്റെയും വേളകളിൽ. ഇതുതന്നെയാണ് നാം ജീവിക്കുന്ന സമൂഹത്തിന്റെ രോഗങ്ങൾ സുഖപ്പെടുത്താൻ നാം ഉപയോഗിക്കേണ്ട ആദ്യ ചികിത്സാരീതി (first therapy).

താത്ക്കാലികമായോ നിരന്തരമായോ രോഗങ്ങളാൽ ക്ലേശിക്കുന്ന സഹോദരരോട് ഞാൻ ഇപ്രകാരം പറയും: സാമിപ്യത്തിനും ആർദ്രതയ്ക്കും ആയുള്ള നിങ്ങളുടെ ആഗ്രഹത്തെക്കുറിച്ച് ലജ്ജിക്കേണ്ടതില്ല; ആ ആഗ്രഹം മറച്ചുപിടിക്കേണ്ടതില്ല; നിങ്ങൾ മറ്റുള്ളവരുടെമേൽ ഒരു ഭാരം ആണെന്നു കരുതേണ്ടതുമില്ല. രോഗിയായുള്ള ആളിന്റെ അവസ്ഥ, നമ്മെത്തന്നെ വീണ്ടും കണ്ടെത്താനുള്ള സാഹചര്യമുണ്ടാക്കാനായി, നമ്മുടെ ജീവിതത്തിന്റെ അമിതവേഗത്തിലുള്ള പാച്ചിൽ അല്പം കുറയ്ക്കാനുള്ള അവസരമാണ്.

ഐതിഹാസികമായ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് യേശുക്രിസ്തുവിന്റെ ആർദ്രഭാവം സ്വന്തമാക്കാനായി ക്രിസ്ത്യാനികളായ നാമെല്ലാവരും സവിശേഷമായി ക്ഷണിക്കപ്പെട്ടിരിക്കുകയാണ്. സഹിക്കുകയും ഏകാന്തത അനുഭവിക്കുകയും, ചിലപ്പോഴെങ്കിലും പാർശ്വവൽകരിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്യപ്പെടുന്ന സഹോദരരെ നമുക്ക് ശുശ്രൂഷിക്കാം.

പ്രാർഥനവഴി, പ്രത്യേകിച്ച് ദിവ്യപൂജവഴി, കർത്താവായ ക്രിസ്തു നമ്മുടെമേൽ ചൊരിയുന്ന പരസ്പര സ്നേഹചൈതന്യംകൊണ്ട് നമുക്ക് ഏകാന്തതയുടെയും ഒറ്റപ്പെടുത്തലിന്റെയും മുറിവുകൾ ഉണക്കാം. ഈ രീതിയിൽ, സ്വാർഥത്തിന്റെയും നിസ്സംഗതയുടെയും പ്രയോജനരഹിതമെന്ന കാഴ്ചപ്പാടിന്റെയും സംസ്കാ രത്തെ പ്രതിരോധിക്കുന്നതിൽ നമുക്ക് പങ്കുകാരാകാം, അങ്ങനെ നമുക്ക് ആർദ്രതയുടെയും അനുകമ്പയുടെയും ഒരു സംസ്കൃതിക്കു കാരണമാകാം.

രോഗികളും ദുർബലരും ദരിദ്രരും സഭയുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവരാണ്; അവർ നമ്മുടെ മാനുഷിക പരിഗണനയുടെയും

അജപാലനപരമായ ശ്രദ്ധയുടെയും ഹൃദയഭാഗം അലങ്കരിക്കുന്നവരാകണം. ഇക്കാര്യം നാം വിസ്മരിക്കാതിരിക്കട്ടെ! രോഗികളുടെ ആരോഗ്യമായ പരിശുദ്ധ മറിയത്തിന് നമുക്ക് നമ്മെതന്നെ ഭരമേൽപ്പിക്കാം; അങ്ങനെ അവൾ നമുക്കുവേണ്ടി പ്രാർഥിക്കട്ടെ; സാമിപ്യത്തിന്റെയും സഹോദരൃതുല്യമായ ബന്ധങ്ങളുടെയും ശില്പികളായിത്തീരാൻ അവൾ നമ്മെ സഹായിക്കട്ടെ!

റോമിലെ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് 2024 ജനുവരി 10-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

---

No.: 3997/K-5/KCBC/OL/DS 20.01.2024

# തിരുബാലസഖ്യ ദിനം

**കെ.സി.ബി.സി.**

**വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുവിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ചയാണ്. സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വെച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരി

ക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2: 51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടു വരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ എതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവടങ്ങളിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ സന്തോഷം 260)

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസ്സിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷി തത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ 'യേശുവിനോ കന്യകാ മാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം

കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവ പദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത് വിതറുന്ന പഞ്ഞി പോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജന ശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. കുട്ടികളുടെ ഇടയിൽ പോലും മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗീക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദസംഘങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ

ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. നമ്മുടെ കുട്ടികൾ സഭാ വിരോധികളും നിരീശ്വര വാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസ പരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ് . ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ട ുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന് പുറത്തേക്ക് പോയിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ

രൂപീകരണത്തിനും നല്ല ഒരു വളർച്ചയുടെ സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കി യെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞു ങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം . പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ

**ബിഷപ്പ് മാർ തോമസ് തറയിൽ**
ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ്**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ അബിർ ആന്റണി സ്വാമി**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം

.............................................

N.B.: 2024 ഫെബ്രുവരി 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങ ളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

No.: 3998/K-5/KCBC/OL/DS 20.01.2024

# മദ്യവിരുദ്ധ ഞായർ

**2024 ഫെബ്രുവരി 25**

**മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ ഫെബ്രുവരി 25 – മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിപണനം, സംഭരണം, വില്പന എന്നിവ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഇക്കാലയളവിൽ നാം ആചരിക്കുന്ന മദ്യവിരുദ്ധ ഞായറിന് വളരെ പ്രസക്തിയുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം അതീവഗൗരവത്തോടെ നാം വിലയിരുത്തണം. കേരളം മദ്യ-മയക്കു മരുന്നുപയോഗിക്കുന്നവരുടെയും വില്പനക്കാരുടെയും സുരക്ഷിത താവളമായി കേരളം മാറിയെന്നത് ദൗർഭാഗ്യകരമാണ്. നമ്മുടെ നാടും കുടുംബങ്ങളും മയക്കുമരുന്നു കൈകാര്യം ചെയ്യുന്ന ക്രിമിനലുകൾ പിടിച്ചടക്കിയിരിക്കുകയാണ്. ഇവരെ നിലയ്ക്കു നിർത്താനും അമർച്ച ചെയ്യാനും നമ്മുടെ ഭരണാധികാരികൾ തീർത്തും പരാജയപ്പെട്ടിരിക്കുന്നു. ഇത്തരുണത്തിൽ സമൂഹവും സഭയും ഉണരേണ്ടതും അനിവാര്യമാണ്.

മദ്യവിരുദ്ധ സഭയും സമൂഹവും എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കെ.സി.ബി.സിയുടെ നേതൃത്വത്തിൽ മദ്യവിരുദ്ധ പ്രസ്ഥാനം ആരംഭിച്ചിട്ടു 25 വർഷം പിന്നിടുകയാണ്. ജനദ്രോഹപരമായി ഭരണനേതൃത്വം കാലാകാലങ്ങളിലായി പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന മദ്യനയം കേരളത്തെ മദ്യത്തിൽ മുക്കിക്കൊന്നുകൊണ്ടിരിക്കുന്നു. പലപ്പോഴും ഏതു കുറ്റകൃത്യത്തിന്റെയും വാഹനാപകടത്തിന്റെയും മുൻപിൽ വില്ലനാകുന്നത് മദ്യ-ലഹരി ഉപയോഗമാണ്. ആന്റിനർകോട്ടിക്സ് ടാസ്ക്ഫോഴ്സിന്റെ സംസ്ഥാന വ്യാപകമായ ലഹരിവേട്ടയിൽ രാജ്യാന്തര വിപണിയിൽ ലക്ഷങ്ങൾ വിലമതിക്കുന്ന ലഹരി മരുന്നുകളാണ് പിടിച്ചെടുക്കുന്നത്. ലഹരിവേട്ടയിലെ ആത്മാർത്ഥതപോലും സംശായസ്പദമായിരിക്കുന്ന സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്.

മദ്യ-രാസലഹരിയുടെ നീരാളി കൈകളിൽ നിന്ന് നമ്മുടെ സ്കൂൾ-കോളേജ് തലത്തിൽ പഠിക്കുന്ന കുട്ടികളെയും യുവതി യുവാക്കളെയും രക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെ ആവശ്യമാണ്; സർക്കാരിന്റെ കടമയാണ്. തിന്മക്കെതിരെ പോരാടുവാനുള്ള ധൈര്യവും ആർജ്ജവവും സഭയ്ക്കുണ്ടാകണം. മദ്യപാനികളെയും മദ്യവ്യാപാരികളെയും സഭയുടെ എല്ലാ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ നിന്നും മാറ്റി നിർത്താൻ ആർജ്ജവത്വം കാണിക്കുമെങ്കിൽ അതു സഭയുടെ പ്രതിഛായയെ സമൂഹത്തിൽ തിളക്കമുള്ളതാക്കിത്തീർക്കും. നാനാതരത്തിലുള്ള തിന്മകളുടെ അടിസ്ഥാന കാരണമായ മദ്യ-ലഹരി ഉപയോഗത്തെ ശക്തമായി പ്രതിരോധിക്കാൻ സഭ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കണം. ചെറിയ ആലസ്യങ്ങൾപോലും വലിയ ആഘാതങ്ങളെ ക്ഷണിച്ചു വരുത്തും.

ആത്മാർത്ഥതയും അർപ്പണ മനോഭാവമുള്ള മദ്യവരുദ്ധ പ്രവർത്തകരെയാണ് ഇന്ന് സഭയ്ക്കാവശ്യം. കേരളത്തിലെ 32 രൂപതകളെ 6 മേഖലകളായി തിരിച്ച് ഓരോ മേഖല ഡയറക്ടറച്ചന്മാരുടെ സഹായത്തോടെ ഫൊറോനാ, ഇടവകതലങ്ങളിലായി മദ്യവിരുദ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. മദ്യത്തിനെതിരായ ബോധവൽക്കരണം എല്ലാ രീതിയിലും ഫലപ്രദമായി നടത്താൻ പറ്റുന്ന സംവിധാനമാണ് ഇന്ന് സഭയ്ക്കുള്ളത്. സംവിധാനം ഫലപ്രദമാക്കാൻ അതിന്റെ പ്രവർത്തകർ തയ്യാറാകണം. ബോധവൽക്കരണത്തിന്റെ ഭാഗമായി മദ്യ-രാസലഹരിക്കെതിരെയുള്ള പ്ലക്കാർഡുകൾ വഹിച്ചുള്ള റാലികളും വാഹന ജാഥകളും ഭവനസന്ദർശനവും കലാപരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കണം. മതബോധനത്തിനൊപ്പം മദ്യ-രാസലഹരി ഉപയോഗം സംബന്ധിച്ചുള്ള ക്ലാസ്സുകൾ നൽകണം. ശക്തമായ ഒരു ജനമുന്നേറ്റത്തിലൂടെ മാത്രമെ ഈ വിപത്തിനെ ചെറുത്തു തോല്പിക്കാനാവൂ. ആരോഗ്യത്തിനു ഹാനികരമെന്ന് ലേബൽ എഴുതി ഒട്ടിച്ചശേഷം മദ്യം സർക്കാരിന്റെ ഒത്താശയോടെ വില്ക്കുന്നു. വിഷം വിറ്റു കാശാക്കുന്നു. മദ്യത്തിന്റെ മുഖ്യ ചേരുവ സ്പിരിറ്റാണ്. കരിമ്പിൻ ചണ്ടിയിൽ നിന്ന് രാസപദാർത്ഥങ്ങൾ ചേർത്ത് നിർമ്മിക്കുന്ന എതനോലിൽ (Ethanol) മദ്യത്തിന്റെ അളവ് 96 ശതമാനം വരും. ഇതിൽ നിറവും കൃത്രിമ രുചികളും നിശ്ചിത അളവിൽ വെള്ളവും ചേർത്ത് കുപ്പികളിലാക്കുമ്പോൾ അത് ആരോഗ്യത്തിനു ഹാനികരമായ മുന്തിയ ഇനം വിഷമാകുന്നു. ഇത് ശരീരത്തിന്റെ വിവിധ അവയവങ്ങളെ പ്രധാ

നമായും തലച്ചോറിനെ ദോഷകരമായി ബാധിക്കും. ഉപഭോക്താവിന്റെ ചിന്താശക്തിയെ അത് നശിപ്പിക്കുന്നു. മദ്യ-രാസലഹരിയുടെ ഉപയോഗംമൂലം ശരീരത്തിന്റെ പ്രതിരോധശക്തി കുറയുന്നു. അതുമൂലം പകർച്ച വ്യാധികൾ പിടിപെടുന്നു. സ്വയം നശിക്കുകമാത്രമല്ല കുടുംബാംഗങ്ങളുടെ സ്വസ്ഥതയും സമാധാനവും സമ്പത്തും അത് നഷ്ടപ്പെടുത്തുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗം ആത്മഹത്യയ്ക്കു വഴിയൊരുക്കുന്നു. സമൂഹത്തിലെ കുറ്റകൃത്യങ്ങളിൽ ഏറ്റവും വലിയ വില്ലൻ മദ്യ-രാസലഹരിയുടെ ഉപയോഗം തന്നെ.

മദ്യവർജനമാണ് തങ്ങളുടെ നയമെന്ന് പ്രഖ്യാപിച്ച് നയരേഖയുണ്ടാക്കി തെരഞ്ഞെടുപ്പിൽ മത്സരിച്ച ജനപ്രതിനിധികൾ മദ്യവർജനത്തിനു വേണ്ടി ഒരു ചെറുവിരൽപോലും അനക്കുന്നില്ല എന്നതാണ് പരമാർത്ഥം. ഏഴു വർഷം മുമ്പ് 29 ബാറുണ്ടായിരുന്ന ഈ സംസ്ഥാനത്ത് 751 ബാറുകളാണിന്നുള്ളത്. യഥേഷ്ടം ബിവറേജ് ഔട്ട്ലറ്റുകളും IT മേഖലകളിൽ പബ്ബുകൾ ആരംഭിച്ചതും പഴച്ചാറിൽ നിന്ന് മദ്യം ഉൽപാദിപ്പിച്ചതും അവസാനമായി നിത്യോപയോഗ സാധനങ്ങൾ ലഭിച്ചിരുന്ന സിവിൽസപ്ലൈ കടകൾവരെ വിപണന കാര്യങ്ങൾ എത്തിച്ചതും ഉത്തരവാദിത്തപ്പെട്ടവർ തന്നെ. 2023 മെയ് മാസം കൊച്ചി പുറംകടലിൽ നിന്ന് 15,000 കോടിയുടെ രാസലഹരി എൻ.സി.ബി.യും നാവികസേനയും സംയുക്തമായി പിടിച്ചെടുത്തു. ഇതുപോലെ ദിനംപ്രതി കടൽ, കര, വ്യോമ മാർഗ്ഗങ്ങളിലൂടെ കോടിക്കണക്കിന് രാസലഹരി നിർബാധം ഒഴുകുന്നു. ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ നാട് ഭ്രാന്താലയമാകും.

മദ്യ-ലഹരി വിരുദ്ധ സമിതിയുടെ രജതജൂബിലി വർഷത്തിൽ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സമിതി തീരുമാനിച്ചിട്ടുണ്ട്. കെ.സി.ബി.സി.യുടെ വിവിധ കമ്മീഷനുകൾവഴി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന മദ്യവിരുദ്ധ പ്രവർത്തനങ്ങൾ അതാതു കമ്മീഷനുകൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. നമ്മുടെ കുടുംബങ്ങൾ, ഇടവക, സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുക, ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കുക, മദ്യ-ലഹരിവിരുദ്ധ സന്ദേശയാത്ര, മദ്യവിരുദ്ധ പ്രാർത്ഥനാ സമ്മേളനങ്ങൾ ഇവയൊക്കെ അതിനു ഏതാനും നിദാനങ്ങൾ മാത്രം. കേരളത്തിൽ മദ്യ-ലഹരി വിമുക്ത സമൂഹം രൂപപ്പെടുത്തുവാൻ ശക്തമായി പ്രവർത്തിക്കാൻ കഴിയുന്നത് കേരള കത്തോലിക്കാ സഭയ്ക്കാണ്. വിദ്യാഭ്യാസം, ആതുര

ശുശ്രൂഷ, സാമൂഹ്യസേവനം തുടങ്ങിയ മേഖലകളിൽ നാം ഫലപ്രദമായും ക്രീയാത്മകമായും പ്രവർത്തിക്കുന്നതുപോലെ നമ്മുടെ സമൂഹത്തിൽ നാശംവിതയ്ക്കുന്ന മദ്യവും രാസലഹരിയും നിർത്തലാക്കാൻ നമുക്ക് പരിശ്രമിക്കാം. ഈ ലക്ഷ്യം നേടിയെടുക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യുഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ്പ് ആർ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം

..................................

N.B.: ഈ സർക്കുലർ 2024 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ **മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ** പിതാവിന്റെ തെരഞ്ഞെടുപ്പ് അംഗീകരിച്ച് നൽകിയ കത്ത്

The Holy See

***LETTER OF THE HOLY FATHER FRANCIS TO CONFIRM THE CANONICAL ELECTION OF THE MAJOR ARCHBISHOP OF ERNAKULAM-ANGAMALY OF THE SYRO-MALABAR CHURCH***

*To His Beatitude*
*Mar Raphael Thattil Major*
*Archbishop of Ernakulam-Angamaly*

I have received the letter with which, according to canon 153 §2 of the *Codex Canonum Ecclesiarum Orientalium*, you petitioned the Roman Pontiff to confirm your canonical election by the Synod of Bishops of the Syro-Malabar Church as Major Archbishop of Ernakulam-Angamaly, Father and Head of this beloved Church *sui iuris*.

Please know that I willingly grant the confirmation you have requested and express my fraternal good wishes in Jesus Christ, our Lord and God. I pray that, after the example of your venerable predecessors, you may strive to offer a generous and fruitful pastoral ministry to the flock now entrusted to your care. I likewise urge you especially to remember the poor and those most in need. May the Holy Spirit foster the unity, fidelity and mission of the Syro-Malabar Church, so that it may grow and flourish under your paternal guidance.

In extending my cordial greetings to the Brother Members of the Synod, to the clergy, men and women religious, seminarians and candidates for consecrated life, and to the lay faithful of the Syro-Malabar Church, I invoke the intercession of the Holy Mother of God, the Holy Patriarch Saint Joseph and the Apostle Saint Thomas. To all of you, I impart my Blessing, as I assure you of my spiritual closeness and ask that you, please, pray for me.

*Rome, from Saint John Lateran, 9 January 2024*

FRANCIS

## സർക്കുലർ: 1/2024

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായി മാർ റാഫേൽ തട്ടിൽ പിതാവ് നേതൃത്വശുശ്രൂഷ ഏറ്റെടുത്തിരിക്കുകയാണല്ലോ. സീറോമലബാർസഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ ഏഴാമത്തെ അദ്ധ്യക്ഷനുമാണ് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ്.

കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ രാജി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ച സാഹചര്യത്തിലാണ് സീറോ മലബാർസഭയുടെ സിനഡ് പിതാക്കന്മാർ ഷംഷാബാദ് രൂപതയുടെ മെത്രാനായിരുന്ന മാർ റാഫേൽ തട്ടിൽ പിതാവിനെ തെരഞ്ഞെടുത്തത്. 2024 ജനുവരി 8-ന് ആരംഭിച്ച 32-ാമത് സീറോമലബാർ മെത്രാൻസിനഡിന്റെ ഒന്നാം സമ്മേളനത്തിന്റെ രണ്ടാം ദിവസമാണ് മാർ റാഫേൽ തട്ടിൽ പിതാവ് തെരഞ്ഞെടുക്കപ്പെട്ടത്. പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിന് അംഗീകാരം നൽകിക്കൊണ്ടുള്ള മാർപാപ്പയുടെ കത്ത് 2024 ജനുവരി 10-ന് ലഭിച്ചു. തുടർന്ന്, നിയുക്ത മേജർ ആർച്ചുബിഷപ് സിനഡിനു മുൻപിൽ വിശ്വാസപ്രഖ്യാപനം നടത്തുകയും ഉത്തരവാദിത്തങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കുമെന്നുള്ള പ്രതിജ്ഞയെടുക്കുകയും ചെയ്തു. പിന്നീട്, റോമിലും മൗണ്ട് സെന്റ് തോമസിലും ഒരേ സമയം (ഇന്ത്യൻ സമയം വൈകിട്ട് 4.30-ന്) പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പ് വിവരം പ്രഖ്യാപിച്ചു. അതിരൂപതയ്ക്കുവേണ്ടി ഞാനും കൂരിയാ അംഗങ്ങളും അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന് പൂച്ചെണ്ട് നൽകി സന്തോഷം അറിയിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

2024 ജനുവരി 11-ാം തീയതി ഉച്ചകഴിഞ്ഞ് 2.30-ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണം നടന്നു. അതിരൂപതാ ആലോചനാസമിതി ഉൾപ്പെടെ വൈദിക

-സന്ന്യസ്ത-അൽമായ പ്രതിനിധികളുടെ പതിനഞ്ചംഗ സംഘം സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു. അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് ഫാ. വർഗീസ് പൊട്ടയ്ക്കൽ പുതിയ മേജർ ആർച്ചുബിഷപ്പും അതിരൂപതാദ്ധ്യക്ഷനുമായ മാർ റാഫേൽ തട്ടിൽ പിതാവിന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

തന്റെ മനസ്സിനിണങ്ങിയ ഇടയന്മാരെ സഭയ്ക്കു നൽകുന്ന ദൈവപരിപാലനയ്ക്ക് അതിരൂപതയൊന്നാകെ സന്തോഷപൂർവ്വം നന്ദി പറയാം. 2024 ജനുവരി 14-ാം തീയതി ഞായറാഴ്ച പുതിയ മേജർ ആർച്ചുബിഷപ്പും അതിരൂപതാദ്ധ്യക്ഷനുമായ മാർ റാഫേൽ തട്ടിൽ പിതാവിനുവേണ്ടി നമ്മുടെ അതിരൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന അർപ്പിക്കുകയും ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി സൂചകമായി കൃതജ്ഞതാസ്തോത്രം ആലപിക്കുകയും വേണം.

കഴിഞ്ഞ പന്ത്രണ്ട് വർഷക്കാലം സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് എന്ന നിലയിലും അതിരൂപതയുടെ മെത്രാപ്പോലീത്ത എന്ന നിലയിലും കർദിനാൾ ജോർജ് ആലഞ്ചേരി പിതാവ് ചെയ്ത സ്തുത്യർഹമായ സേവനങ്ങൾ നമുക്ക് നന്ദിപൂർവ്വം സ്മരിക്കാം. ദൈവം പിതാവിനെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

ബിഷപ് ബോസ്കോ പുത്തൂർ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി അതിരൂപത
13/01/2024

..........................................

N.B.: ഈ സർക്കുലർ 14/01/2024 ഞായറാഴ്ച അതിരൂപതയിലെ എല്ലാ ദേവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കുന്നതിനായി നൽകിയത്.

## സർക്കുലർ: 2/2024

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ കത്ത് മുഖേനയും വീഡിയോ സന്ദേശത്തിലൂടെയും ആഹ്വാനം ചെയ്തതനുസരിച്ച്, നമ്മുടെ സഭയുടെ ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാന അർപ്പണരീതി എറണാകുളം-അങ്കമാലി അതിരൂപത മുഴുവനിലും നടപ്പിലാക്കാൻ അതിരൂപതയിലെ എല്ലാ വൈദികരോടും സമർപ്പിതരോടും അത്മായ സഹോദരങ്ങളോടും രേഖാമൂലം അഭ്യർത്ഥിക്കാൻ മുപ്പത്തിരണ്ടാമത് സീറോമലബാർ മെത്രാൻ സിനഡ് അതിന്റെ സമാപനദിനമായ 2024 ജനുവരി 13-ാം തീയതി തീരുമാനിച്ചു. അന്നേദിനം പുതിയ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച സിനഡിൽ പങ്കെടുത്ത എല്ലാ മെത്രാപ്പോലീത്തമാരും മെത്രാൻമാരും ഒപ്പുവച്ച രേഖ ഇതോടൊപ്പം നൽകുന്നു.

സിനഡിന്റെ അഭ്യർത്ഥനയും ഈ സർക്കുലറും അടുത്ത ഞായറാഴ്ച (21-01-2024) അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതും അതിരൂപതയിലെ ദൈവജനത്തിന് മുഴുവൻ ലഭ്യമാക്കേണ്ടതുമാണ്.

ഉപരിനന്മയ്ക്കുവേണ്ടി ആഭിമുഖ്യങ്ങളിലെ ഭിന്നതകൾ മറക്കാനും, ഏകീകൃതകുർബാന അർപ്പണരീതി നടപ്പിലാക്കിക്കൊണ്ട് സഭയുടെ ഐക്യത്തിന് സാക്ഷ്യം വഹിക്കാനും നിങ്ങളോരോരുത്തരേയും ഞാൻ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

ബിഷപ് ബോസ്കോ പുത്തൂർ<br>
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ<br>
എറണാകുളം-അങ്കമാലി അതിരൂപത<br>
15-01-2024

THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA
Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235, 2428271 (Dir); Fax: (0484) 2422727
Email: majorarchbishop@gmail.com, chancellor.mount@gmail.com

13.01.2024

**എറണാകുളം-അങ്കമാലി അതിരൂപതയിലെ**
**എല്ലാ വൈദികർക്കും സമർപ്പിതർക്കും അല്മായസഹോദരങ്ങൾക്കും**
**നമ്മുടെ കർത്താവീശോമിശിഹായിൽ ആശിർവാദവും സമാധാനവും.**

പ്രിയമുള്ളവരേ,

സീറോമലബാർസഭയിലെ സിനഡുപിതാക്കന്മാരായ ഞങ്ങൾ ഒരുമനസ്സോടെ നിങ്ങളെ അഭിസംബോധനചെയ്യാൻ ആഗ്രഹിക്കുന്നു. നമ്മുടെ സഭയുടെ ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാന എറണാകുളം-അങ്കമാലി അതിരൂപതയിലും 2023 ഡിസംബർ 25 മുതൽ നടപ്പിലാക്കണമെന്നു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വീഡിയോസന്ദേശത്തിലൂടെ വീണ്ടും ആഹ്വാനംചെയ്തിരുന്നല്ലോ. നമ്മുടെ പരിശുദ്ധ പിതാവു പൈതൃകമായ സ്നേഹത്തോടെ നല്കിയ ഈ ആഹ്വാനം കത്തോലിക്കാ വിശ്വാസികൾ എന്ന നിലയിൽ നിങ്ങളെല്ലാവരും ഹൃദയപൂർവം സ്വീകരിക്കുകയും മാതൃകാപരമായി നടപ്പിലാക്കുകയുംചെയ്യണമെന്നു ഞങ്ങൾ സ്നേഹപൂർവം അഭ്യർഥിക്കുകയാണ്. തിരുസഭയുടെ തലവനെന്നനിലയിൽ പരിശുദ്ധ പിതാവിനെ അനുസരിക്കാൻ നമുക്കു കടമയുള്ളതിനാൽ അഭിപ്രായഭിന്നതകൾ മറന്നു കത്തോലിക്കാസഭയുടെ കൂട്ടായ്മയുടെ സാക്ഷ്യം നിങ്ങൾ നല്കുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

ഈശോയുടെ തിരുഹൃദയത്തിനു നിങ്ങളെ എല്ലാവരെയും സമർപ്പിച്ചുകൊണ്ട് നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നിങ്ങളൊടൊത്തുണ്ടായിരിക്കട്ടെയെന്നു പ്രാർഥിക്കുന്നു.

സ്നേഹപൂർവം,

**സീറോമലബാർസഭയിലെ മെത്രാന്മാർ**
(2024 ജനുവരി 13-ാം തിയതി നടന്ന സിനഡിൽ പങ്കെടുത്തവർ)

1. **മാർ റാഫേൽ തട്ടിൽ**
   **മേജർ ആർച്ചുബിഷപ്**
2. മാർ മാത്യു മൂലക്കാട്ട്
   കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത
3. മാർ ആൻഡ്രൂസ് താഴത്ത്
   തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത
4. മാർ ജോസഫ് പെരുന്തോട്ടം
   ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത
5. മാർ ജോസഫ് പാംപ്ലാനി
   തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

6. മാർ കുര്യാക്കോസ് ഭരണികുളങ്ങര
   ഫരീദാബാദ് രൂപതയുടെ മെത്രാൻ
7. മാർ തോമസ് ഇലവനാൽ എം.സി.ബി.എസ്.
   കല്യാൺ രൂപതയുടെ മെത്രാൻ
8. മാർ സെബാസ്റ്റ്യൻ വടക്കേൽ എം.എസ്.റ്റി.
   ഉജ്ജയിൻ രൂപതയുടെ മെത്രാൻ
9. മാർ ലോറൻസ് മുക്കുഴി
   ബെൽത്തങ്ങാടി രൂപതയുടെ മെത്രാൻ
10. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
    മണ്ഡ്യ രൂപതയുടെ മെത്രാൻ
11. മാർ ജോസഫ് കല്ലറങ്ങാട്ട്
    പാലാ രൂപതയുടെ മെത്രാൻ
12. മാർ ജോസ് പൊരുന്നേടം
    മാനന്തവാടി രൂപതയുടെ മെത്രാൻ
13. മാർ ജോസ് പാണ്ടാരശ്ശേരി
    കോട്ടയം അതിരൂപതയുടെ സഹായമെത്രാൻ
14. മാർ ജോസഫ് അരുമച്ചാടത്ത്
    ഭദ്രാവതി രൂപതയുടെ മെത്രാൻ
15. മാർ ബോസ്കോ പുത്തൂർ
    എറണാകുളം-അങ്കമാലി അതിരൂപതയുടെ
    അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
16. മാർ റെമിജിയോസ് ഇഞ്ചനാനിയിൽ
    താമരശ്ശേരി രൂപതയുടെ മെത്രാൻ
17. മാർ പോളി കണ്ണൂക്കാടൻ
    ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ
18. മാർ പോൾ ആലപ്പാട്ട്
    രാമനാഥപുരം രൂപതയുടെ മെത്രാൻ
19. മാർ ജോസ് ചിറ്റൂപറമ്പിൽ സി.എം.ഐ.
    രാജകോട്ട് രൂപതയുടെ മെത്രാൻ
20. മാർ ജോർജ് രാജേന്ദ്രൻ
    തക്കല രൂപതയുടെ മെത്രാൻ

# THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA

Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235, 2428271 (Dir); Fax: (0484) 2422727
Email: majorarchbishop@gmail.com, chancellor.mount@gmail.com

21. മാർ ജോർജ് മഠത്തികണ്ടത്തിൽ
    കോതമംഗലം രൂപതയുടെ മെത്രാൻ
22. മാർ ജോസഫ് കൊല്ലംപറമ്പിൽ സി.എം.ഐ.
    ജഗ്ദൽപൂർ രൂപതയുടെ മെത്രാൻ
23. മാർ ജോസ് പുത്തൻവീട്ടിൽ
    ഫരീദാബാദ് രൂപതയുടെ സഹായമെത്രാൻ
24. മാർ ജോയ് ആലപ്പാട്ട്
    ചിക്കാഗോ രൂപതയുടെ മെത്രാൻ
25. മാർ എഫ്രേം നരികുളം
    ഛാന്ദ രൂപതയുടെ മെത്രാൻ
26. മാർ ജോസഫ് കൊടകല്ലിൽ
    സത്ന രൂപതയുടെ മെത്രാൻ
27. മാർ ജോസ് കല്ലുവേലിൽ
    മിസ്സിസാഗ രൂപതയുടെ മെത്രാൻ
28. മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ
    അദിലാബാദ് രൂപതയുടെ മെത്രാൻ
29. മാർ ജോസ് പുളിക്കൽ
    കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ
30. മാർ ജോസഫ് സ്രാമ്പിക്കൽ
    ഗ്രേറ്റ് ബ്രിട്ടൻ രൂപതയുടെ മെത്രാൻ
31. മാർ സ്റ്റീഫൻ ചിറപ്പണത്ത്
    യൂറോപ്പിലെ അപ്പസ്തോലിക്ക് വിസിറ്റേറ്റർ
32. മാർ തോമസ് തറയിൽ
    ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ
33. മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
    കൂരിയാ മെത്രാൻ
34. മാർ ടോണി നീലങ്കാവിൽ
    തൃശ്ശൂർ അതിരൂപതയുടെ സഹായമെത്രാൻ
35. മാർ സെബാസ്റ്റ്യൻ പോഴോലിപറമ്പിൽ
    ഹൊസൂർ രൂപതയുടെ മെത്രാൻ

36. മാർ ജോൺ നെല്ലിക്കുന്നേൽ
ഇടുക്കി രൂപതയുടെ മെത്രാൻ

37. മാർ ജെയിംസ് അത്തിക്കളം എം.എസ്.റ്റി.
സാഗർ രൂപതയുടെ മെത്രാൻ

38. മാർ വിൻസെന്റ് നെല്ലായിപറമ്പിൽ
ബിജ്നോർ രൂപതയുടെ മെത്രാൻ

39. മാർപീറ്റർ കൊച്ചുപുരയ്ക്കൽ
പാലക്കാട് രൂപതയുടെ മെത്രാൻ

40. മാർ ജോസഫ് കൊല്ലംപറമ്പിൽ
ഷംഷാബാദ് രൂപതയുടെ അഡ്മിനിസ്ട്രേറ്റർ

41. മാർ തോമസ് പാടിയത്ത്
ഷംഷാബാദ് രൂപതയുടെ സഹായമെത്രാൻ

42. മാർ അലക്സ് താരാമംഗലം
മാനന്തവാടി രൂപതയുടെ സഹായമെത്രാൻ

43. മാർ ജോൺ പനംതോട്ടത്തിൽ സി.എം.ഐ.
മെൽബൺ രൂപതയുടെ മെത്രാൻ

44. മാർ മാത്യു നെല്ലിക്കുന്നേൽ സി.എസ്.റ്റി.
ഗോരക്പൂർ രൂപതയുടെ മെത്രാൻ

45. മാർ ജോൺ വടക്കേൽ സി.എം.ഐ.
ബിജ്നോർ രൂപതയുടെ മുൻമെത്രാൻ

46. മാർ തോമസ് തുരുത്തിമറ്റം സി.എസ്.റ്റി.
ഗോരക്പൂർ രൂപതയുടെ മുൻമെത്രാൻ

47. മാർ അന്തോണി ചിറയത്ത്
സാഗർ രൂപതയുടെ മുൻമെത്രാൻ

48. മാർ ജേക്കബ് അങ്ങാടിയത്ത്
ചിക്കാഗോ രൂപതയുടെ മുൻമെത്രാൻ

49. മാർ മാത്യു അറയ്ക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മുൻമെത്രാൻ

**CARDINAL GEORGE ALENCHERRY**
Major Archbishop *Emeritus*

Mount St. Thomas | P.B. No. 3110
Kakkanad - 682 030 | Kochi | Kerala | India

04.01.2024

**കൂപ്പുകൈ**

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിനു സ്തുതി ഉണ്ടാകട്ടെ! മേജർ ആർച്ചുബിഷപു സ്ഥാനത്തുനിന്നു ഞാൻ വിടപറയുമ്പോൾ സഭമുഴുവനോടും ഏതാനും ചിന്തകളും മനോവികാരങ്ങളും പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഈ സാഹചര്യത്തിൽ ഏറെ അർഥപൂർണമാണ്: “ഞാൻ നട്ടു; അപ്പോളോസ് നനച്ചു; എന്നാൽ ദൈവമാണു വളർത്തിയത്” (1 കോറി. 3:6). മെത്രാൻസിനഡിന്റെ തെരഞ്ഞെടുപ്പിലൂടെ സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായി നിയോഗിക്കപ്പെട്ട എന്നെ 12 വർഷവും ആറു മാസവും പ്രസ്തുത ശുശ്രൂഷ ചെയ്യാൻ ദൈവം അനുവദിച്ചു.

കൂടാതെ, തക്കല രൂപതയിൽ മെത്രാനായി സേവനംചെയ്ത 13 വർഷങ്ങളുടെ ഓർമ എന്റെ മനസ്സിൽ സജീവമായി നിലനില്ക്കുന്നു; എന്റെ മേല്പട്ടശുശ്രൂഷ വലിയ സന്തോഷത്തോടും സംതൃപ്തിയോടുംകൂടിയാണ് ഞാൻ നിർവഹിച്ചത്. മെത്രാൻ എന്നനിലയിലും മേജർ ആർച്ചുബിഷപ് എന്നനിലയിലും എന്റെ ശുശ്രൂഷാകാലഘട്ടത്തിലുടനീളം എന്റെ ഏറ്റവും ആത്മാർഥമായ പരിശ്രമം വിവിധ ശുശ്രൂഷാമേഖലകളിൽ സീറോമലബാർസഭയെ പരിപാലിക്കുക, അഥവാ വി. പൗലോസിന്റെ വാക്കുകളിൽ പറഞ്ഞാൽ ‘നനയ്ക്കുക’, എന്നതായിരുന്നു. സുവിശേഷവത്ക്കരണം, പ്രേഷിതസംരംഭങ്ങൾ, ആരാധനക്രമനവീകരണത്തിനായി ആരാധനാക്രമപുസ്തകങ്ങളുടെ പുതുക്കൽ, പുരോഹിതാർഥികളുടെ പരിശീലനം, അത്മായസംഘടനകളുടെ പുനഃശക്തീകരണം,

സമർപ്പിതരെ സഭയോടു കൂടുതൽ ചേർത്തുനിറുത്തൽ, ഭാരതത്തിനകത്തും പുറത്തുമായി ചിതറിക്കിടക്കുന്ന സീറോമലബാർവിശ്വാസികളുടെ അജപാലനപരവും പ്രേഷിതപരവുമായ ആവശ്യങ്ങൾ, സഭൈക്യപ്രസ്ഥാനം, സഭയുടെ പാരമ്പര്യത്തെ പകർന്നുകൊടുക്കുന്നതിനും ചരിത്രഗവേഷണത്തിനുംവേണ്ടിയുള്ള ഹെരിറ്റേജ് ആൻഡ് റിസർച് സെന്റർ, മാധ്യമപ്രേഷിതത്വം എന്നീ മേഖലകളിലാണ് എന്റെ ശ്രദ്ധ കൂടുതൽ പതിഞ്ഞിട്ടുള്ളത്. ഇതിനുപുറമേ, പാവങ്ങളോടും ചൂഷിതരോടും പാർശ്വവത്കരിക്കപ്പെട്ടവരോടുമുള്ള നമ്മുടെ കരുതൽ പ്രതിഫലിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

ഇത്തരം പരിശ്രമങ്ങൾ നടത്തിയെന്നുവരികിലും ഈ മേഖലകളിൽ ഇനിയും ധാരാളം ജോലികൾ ചെയ്യേണ്ടതുണ്ട്. പൊതുസമൂഹത്തിന്റെയും സഭയുടെയും നന്മയ്ക്കുവേണ്ടിയുള്ള നമ്മുടെ പദ്ധതികളിലും പ്രവർത്തനങ്ങളിലും അഭിമുഖീകരിക്കേണ്ടിവരുന്ന എല്ലാ വെല്ലുവിളികളിലും പ്രയാസങ്ങളിലും ദൈവം നമ്മെ നയിക്കുകയും അവയെ അതിജീവിക്കാനുള്ള ശക്തിനല്കുകയും ചെയ്യും.

നമ്മുടെ സഭയിൽ എനിക്ക് ഏല്പ്പിക്കപ്പെട്ട ശുശ്രൂഷാനിർവഹണത്തിൽ പൂർണഹൃദയത്തോടെ സഹകരിച്ച സിനഡിനോടും വൈദികരോടും സമർപ്പിതരായ വ്യക്തികളോടും അല്മായനേതാക്കളോടും എല്ലാ സഹോദരീസഹോദരന്മാരോടും യുവജനങ്ങളോടും നന്ദിപ്രകാശിപ്പിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. എന്റെ സേവനകാലഘട്ടത്തിൽ തങ്ങളുടെ കഴിവുകളും വിഭവങ്ങളും വളരെ ഉദാരമായി പങ്കുവെച്ച എല്ലാവരോടും ഞാൻ നന്ദിപറയുന്നു.

മേജർ ആർച്ചുബിഷപ്പ് എന്ന നിലയിലും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്ത എന്ന നിലയിലും എന്റെ ദൗത്യനിർവഹണത്തിൽവന്നുപോയ കുറവുകളിലും പോരായ്മകളിലും ഞാൻ ഖേദിക്കുന്നു. സഭയുടെ നേതൃത്വത്തിൽനിന്നു മാറുമ്പോഴും നമ്മുടെ സഭയുടെ എല്ലാ ദൗത്യമേഖലകളിലും കൂട്ടായ്മ, സംഘാതാത്മകത, സഹകരണം എന്നിവയോടെ സാക്ഷ്യംവഹിക്കാൻ സാധിക്കുമെന്ന ഉറച്ച പ്രത്യാശയും എനിക്കുണ്ട്. നമ്മുടെ സഭയുടെ പ്രവർത്തന

ങ്ങളിലൂടെ ദൈവമഹത്വം പ്രകാശിതമാകുന്നതിനുവേണ്ടി സഭാംഗങ്ങൾ എല്ലാവരും സംശുദ്ധമായ ലക്ഷ്യങ്ങളോടും നിർമലമായ മനസ്സാക്ഷിയോടുംകൂടി ഒന്നിച്ചുവരികയും ഐക്യത്തോടെ പ്രവർത്തിക്കുകയും ചെയ്യട്ടെ എന്നതാണ് എന്റെ പ്രാർഥന. ഉത്തമ ക്രൈസ്തവരെന്നനിലയിൽ മതസൗഹാർദവും മതേതരമൂല്യങ്ങളും ഉയർത്തിപ്പിടിച്ചു നല്ല പൗരന്മാരായിരിക്കാനും നമുക്കു കഴിയട്ടെ. തുടർന്നും നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾക്കുവേണ്ടി ഞാനും പ്രാത്ഥിക്കുന്നതാണ്.

ദൈവനാമം മഹത്വപ്പെടട്ടെ! ദൈവം നിങ്ങളേവരെയും അനുഗ്രഹിക്കട്ടെ!

ഏവർക്കും പുതുവത്സരാശംസകൾ!

സ്നേഹപൂർവം,

+ GrAlencherry

കർദിനാൾ ജോർജ് ആലഞ്ചേരി
മേജർ ആർച്ചുബിഷപ് എമെരിത്തൂസ്

# അഭിവന്ദ്യ പാറേക്കാട്ടിൽ പിതാവിന്റെ
## 37 – ാം ചരമവാർഷികം
### ഫെബ്രുവരി 20



ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ **കർദിനാൾ ജോസഫ് പാറേക്കാട്ടിൽ** പിതാവിന്റെ ചരമവാർഷിക ദിനമായ ഫെബ്രുവരി 20–ാം തീയതി വൈകുന്നേരം 6.00–ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. ജനങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട് നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# കച്ചേരിക്കാര്യം

## അമ്പതുനോമ്പാചരണം

ഈ വർഷം അമ്പതുനോമ്പ് ആരംഭിക്കുന്നത് **ഫെബ്രുവരി 11**-ാം തീയതി ഞായറാഴ്ച പാതിരാ മുതലാണ്.

## വിവാഹാശീർവ്വാദം

സഭയുടെ പാരമ്പര്യം അനുസരിച്ചും നോമ്പുകാലത്തിന്റെ പരിഹാരചൈതന്യം നിലനിറുത്തിയും വലിയനോമ്പിന്റെ ആദ്യ തിങ്കളാഴ്ച മുതൽ വലിയശനി ഉൾപ്പെടെയുള്ള ദിവസങ്ങളിലും വിവാഹാശീർവ്വാദം പൊതുവേ അനുവദനീയമല്ല (*അതിരൂപതാ നിയമസംഹിത 2009,* 149, പേജ് 144). വളരെ അത്യാവശ്യവും ഗൗരവവുമായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ നോമ്പുകാലത്ത് വിവാഹം നടത്താൻ അനുവാദത്തിന് അപേക്ഷിക്കാവൂ. ഇക്കാര്യം ജനങ്ങളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. നോമ്പിൽ നടത്തുന്ന മനസ്സമ്മതങ്ങളും നോമ്പിന്റെ ചൈതന്യത്തിനു തടസ്സം വരുത്താത്ത വിധത്തിലായിരിക്കുവാൻ ശ്രദ്ധിക്കണമെന്നുകൂടി ജനങ്ങളെ യഥാസമയം അറിയിക്കേണ്ടതാണ്.

**നോമ്പിലെ ഞായറാഴ്ചകളിലും ഓശാന ഞായർ മുതൽ ഉയിർപ്പു ഞായർ വരെയുള്ള ദിവസങ്ങളിലും വിവാഹാശീർവ്വാദം നടത്താൻ അനുവദിക്കുന്നതല്ല.**

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# അറിയിപ്പ്

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായി **മാർ റാഫേൽ തട്ടിൽ പിതാവ്** ചുമതല ഏറ്റെടുത്തിരിക്കുന്ന സാഹചര്യത്തിൽ, വിശുദ്ധ കുർബാനയിലും മറ്റു പ്രാർത്ഥനകളിലും അഭിവന്ദ്യ പിതാക്കന്മാരെ താഴെ പറയുംവിധം അനുസ്മരിക്കണം.

> ... ഞങ്ങളുടെ സഭയുടെ പിതാവും തലവനും അതിരൂപതാദ്ധ്യക്ഷനുമായ മേജർ ആർച്ചുബിഷപ് മാർ റാഫേൽ പിതാവിനുവേണ്ടിയും, അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പിതാവിനുവേണ്ടിയും ...

ഫാ. വർഗീസ് പൊട്ടയ്ക്കൽ
പ്രോട്ടോ സിഞ്ചെല്ലൂസ്

(13/01/2024-ാം തീയതി നൽകിയ അറിയിപ്പ്)

---

## വൈദികരുടെ ശ്രദ്ധയ്ക്ക്

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരേ,

2023 ഡിസംബർ മാസത്തിലെ എറണാകുളം മിസ്സത്തിൽ (പേജ് 38) അതിരൂപതയിലെ വൈദികരുടെ പൊതുസ്ഥലം മാറ്റം 2024 ഫെബ്രുവരി 24-ാം തീയതി ആണെന്ന് അറിയിച്ചിരുന്നു.

എന്നാൽ, പ്രസ്തുത തീയതിയിൽ മാറ്റം വരുത്തിയിരിക്കുന്നതിനാൽ **2024 മാർച്ച് 9-ാം** തീയതി ശനിയാഴ്ച ആയിരിക്കും **വൈദികരുടെ പൊതുസ്ഥലം മാറ്റം** എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

പ്രാർത്ഥനയിൽ സ്നേഹപൂർവ്വം,

ഫാ. വർഗീസ് പൊട്ടയ്ക്കൽ
പ്രോട്ടോ സിഞ്ചെല്ലൂസ്

(24/01/2024-ാം തീയതി നൽകിയ അറിയിപ്പ്)

# Daughters of Charity of the Most Precious Blood (DCPB)

**Maria Sadan, Vennala, Kochi**

| | | |
|---|---|---|
| Regional Superior | : | Sr. Rincy Koikkara |
| Vicar General | : | Sr. Anie Menachery |
| 2nd councillor | : | Sr. Thresiamma Manithottil Chacko |
| Procurator | : | Sr. Lisia Palatty |
| Secretary | : | Sr. Rosy Edassery |

# Sisters of St Joseph of St. Mark (SJSM)

**Sanjo Province, Vengoor (Angamaly)**

| | | |
|---|---|---|
| Provincial Superior | : | Sr. Lilly Payyappilly |
| Vice Provincial | : | Sr. Bindhu Antony |
| Councillors | : | Sr. Soniya Joseph |
| | | Sr. Jhancy Varghese |
| | | Sr. Lilly Rose |

പുതിയ സാരഥികൾക്ക്
അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു!

# വാർത്തകളും വിശേഷങ്ങളും

## ബിഷപ്പ് ജോസഫ് കൊല്ലംപറമ്പിൽ ഷംഷാബാദ് രൂപത അഡ്മിനിസ്ട്രേറ്റർ

സീറോമലബാർസഭയുടെ ഷംഷാബാദ് രൂപത അഡ്മിനിസ്ട്രേറ്ററായി സഹായ മെത്രാനായ ബിഷപ്പ് ജോസഫ് കൊല്ലംപറമ്പിൽ-നെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ നിയമിച്ചു. മേജർ ആർച്ചുബിഷപ് തെരഞ്ഞെടുപ്പിനെ തുടർന്നാണ് ഷംഷാബാദ് രൂപത അധ്യക്ഷസ്ഥാനം ഒഴിവായത്. 2022-ലാണ് ബിഷപ്പ് കൊല്ലംപറമ്പിൽ ഷംഷാബാദ് സഹായമെത്രാനായി നിയമിതനായത്.

## ബിഷപ് അംബ്രോസ് പുത്തൻവീട്ടിൽ കോട്ടപ്പുറം രൂപതയുടെ പുതിയ മെത്രാൻ

2024 ജനുവരി 20-ാം തീയതി കോട്ടപ്പുറം രൂപതയുടെ പുതിയ ബിഷപ്പായി റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിലിൽ അഭിഷിക്തനായി. കോട്ടപ്പുറം രൂപതയുടെ ദ്വിതീയ മെത്രാൻ ബിഷപ്പ് ജോസഫ് കാരിക്കാശ്ശേരി 2023 മെയ് 1-ന് വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ചതിനെ തുടർന്നാണ് മാർപ്പാപ്പ പുതിയ ബിഷപ്പിനെ പ്രഖ്യാപിച്ചത്.

## വിജയപുരം രൂപതയ്ക്ക് സഹായമെത്രാൻ

വിജയപുരം രൂപതയുടെ സഹായമെത്രാനായി റവ. ഡോ. ജെസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപറമ്പിലിനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. അഞ്ചുവർഷമായി വിജയപുരം രൂപതയുടെ വികാരി ജനറാളായി സേവനം ചെയ്തു വരികയായിരുന്നു നിയുക്ത ബിഷപ് മഠത്തിപറമ്പിൽ. വിജയപുരം രൂപതയിലെ പാമ്പനാർ തിരുഹൃദയ ഇടവാംഗമാണ് പുതിയ സഹായമെത്രാൻ.

## മലയാറ്റൂരും നസ്രാണികളും: ചരിത്രഗ്രന്ഥം

റവ. ഫാ. ഡോ. ഇഗ്നേഷ്യസ് പയ്യപ്പിള്ളി രചിച്ച 'മലയാറ്റൂരും നസ്രാണികളും' എന്ന ചരിത്രഗ്രന്ഥത്തിന്റെ പ്രകാശനം പാലാരിവട്ടം പി.ഒ.സി. യിൽ ഡോ. ശശി തരൂർ എം.പി. നിർവഹിച്ചു. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് ബോസ്കോ പുത്തൂർ ആദ്യപ്രതി ഏറ്റുവാങ്ങി. ഹൈബി ഈഡൻ എം.പി., റോജി എം. ജോൺ എം.എൽ.എ. എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. റവ. ഡോ. മാർട്ടിൻ ശങ്കുരിക്കൽ

പുസ്തകം അവതരിപ്പിച്ചു. മലയാറ്റൂർ പള്ളി വികാരി ഫാ. വർഗീസ് മണവാളൻ സ്വാഗതവും വിമലഗിരി വികാരി ഫാ. പോൾ പടയാട്ടി നന്ദിയും പറഞ്ഞു.

എ4 സൈസിൽ 740 പേജുകളുള്ള ഗ്രന്ഥത്തിൽ 430 ചിത്രങ്ങളും 600 ൽ പരം ചരിത്രരേഖകളും ലഭ്യമാക്കിയിട്ടുണ്ട്. എ. ഡി. ആദ്യ നൂറ്റാണ്ടിന്റെ മധ്യകാലം മുതലുള്ള ചരിത്രം പേറുന്ന മലയാറ്റൂർ കുരിശുമുടിയുടെയും പള്ളിയുടെയും 20-ാം നൂറ്റാണ്ടിൽ ആ പള്ളിയിൽ നിന്നു പിരിഞ്ഞു പോയ നാല് പള്ളികളുടെയും സമ്പൂർണ ചരിത്രമാണ് പുസ്തകത്തിന്റെ പ്രതിപാദ്യം.

* * * * *

---



## നിര്യാതരായി



**സി. ഔറേലിയ MSJ**
(ലില്ലി വടക്കുഞ്ചേരി, ആനപ്പാറ)
നിർമ്മല പ്രൊവിൻസ്, ആലുവ
ജനനം : 20-10-1941
വ്രതവാഗ്ദാനം : 08-09-1963
മരണം : 29-12-2023



**സി. ജൊവാന്ന MSJ**
(മേരി കുമ്പ്ലക്കുഴിയിൽ, കുറവിലങ്ങാട്)
നിർമ്മല പ്രൊവിൻസ്, ആലുവ
ജനനം : 16-06-1950
വ്രതവാഗ്ദാനം : 08-12-1973
മരണം : 20-12-2023



**സി. മെറ്റിൽഡ MSJ**
(മരിയാച്ചി മാണിക്കത്ത്, പെരുമാനൂർ)
നിർമ്മല പ്രൊവിൻസ്, ആലുവ
ജനനം : 07-07-1932
വ്രതവാഗ്ദാനം : 02-10-1952
മരണം : 30-11-2023

# METROPOLITAN TRIBUNAL

## Annual Report of Marriage Cases in 2023

**First Instance Cases**

| | | |
|---|---|---|
| Cases pending at the beginning of the year 2023 | : | 17 |
| Cases introduced in 2023 | : | 120 |
| Total Cases disposed in 2023 | : | 102 |

**Number of sentences given as per the grounds below:**

| | Affirmative |
|---|---|
| Force or grave fear (CCEO c. 825) | 60 |
| Error of quality (CCEO c. 820 §2) | 28 |
| Fraud (CCEO c. 821) | 8 |
| Partial simulation – *contra bonum coniujum* (CCEO c. 824 §2) | 2 |
| Partial simulation – *contra bonum prolis* (CCEO c. 824 §2) | 1 |
| Partial simulation – *contra bonum fedi*(CCEO c. 824 §2) | 1 |
| Inability to assume (CCEO c. 818, 3°) | 1 |
| Conditional consent (CCEO c. 826) | 1 |

| | | |
|---|---|---|
| Total affirmative sentences | : | 102 |
| Cases dismissed | : | 2 |
| Total cases disposed | : | 104 |
| Cases pending at the end of the year 2023 | : | 33 |

**Second Instance Cases**

| | | |
|---|---|---|
| Cases pending at the beginning of the year 2023 | : | 1 |
| Cases introduced in 2023 | : | 0 |
| Total cases disposed | : | 1 |
| Cases pending at the end of the year 2023 | : | 0 |

**Fr. Dr. James Pereppadan**
**Vicar Judicial**

# വിശ്വാസപരിശീലനകേന്ദ്രം

1. **വിശ്വാസപ്രഖ്യാപന ദിനം:** പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ വിശ്വാസപ്രഖ്യാപനം 2024 ഫെബ്രുവരി 04-ാം തീയതി ഞായറാഴ്ച (വചനദീപം, പേജ് 57, 81 -83 ഉം കാണുക).

2. **സന്മാർഗ്ഗബോധന സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ:** IV, VII, X & XII ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് പരീക്ഷ 2024 ഫെബ്രുവരി 10 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ. സ്കോളർഷിപ്പ് പരീക്ഷ നടക്കുന്ന സെന്ററുകൾ അറിയിക്കുന്നതാണ്.

3. **വാർഷികപരീക്ഷ:** ഒന്നാം ക്ലാസ്സ് മുതൽ ഒൻപതാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ വാർഷിക പരീക്ഷ 2024 ഫെബ്രുവരി 18-ാം തീയതി ഞായറാഴ്ച: രാവിലെ 10.30 മുതൽ 12.30 വരെ.

4. **NATALIA - 2K23 :** ക്രിസ്മസ് അനുഭവമാക്കാൻ അതിരൂപത വിശ്വാസപരിശീലന വിഭാഗം ക്രിസ്മസിന് ഒരുക്കമായി ഇടവകകളിലെ വിശ്വാസപരിശീലകർക്കും കുട്ടികൾക്കുമായി സംഘടിപ്പിച്ച NATALIA - 2K23 ൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് സമ്മാനർഹരായ വർക്ക് അഭിനന്ദനങ്ങൾ. സമ്മാനർഹരുടെ പേരുകൾ താഴെ ചേർക്കുന്നു (റിസൾട്ട് catechismernakulam YouTube Channel-ൽ തൽസമയം പ്രസിദ്ധീകരിച്ചിരുന്നു).

- **Bethel** (ബേഥേൽ - ദൈവത്തിന്റെ ഭവനം) (കുട്ടികൾക്ക്): റീൽ യുവർ ക്രിസ്മസ്

**ക്രിബ്:** എൽ.പി., യു.പി., എച്ച്.എസ്. വിഭാഗത്തിൽ സമ്മാനം കരസ്ഥമാക്കിയവർ

L P: 1. Agna Maria Sabu Manickathan - Holy Family Church, Mankuzhy
2. Essa Mariam - Our Lady of Dolours Church, Pattanam

U P: 1. Jewel Maria - St Damien‘s Church, Vyttila Hub
2. Ann Siyona - Our Lady of Dolours Church, Pattanam

H S: 1. Edwin Joshi Manickathan - Holy Family Church, Mankuzhy
2. Christena Tony Koithara - Infant Jesus Church, Irimpanam.

- **Redex** (Red-Experience റീൽ യുവർ റെഡെക്സ് Redex (Red-Experience (ക്രിസ്മസ് അനുഭവം) വിശ്വാസപരിശീലകർക്ക്:

  1. Lima Rose - Mary Queen Church, Thoppil
  2. Sneha Mitson - Our Lady of Dolours Church, Pattanam
  3. Bobby Wilson - Sacred Heart Church, Kalambattupuram

- **Chris -Wave** (കരോൾഗാന രചനാമത്സരം) (അതിരൂപതാംഗങ്ങൾക്ക്): ക്രിസ്‌വേവ്:

  1. Mr. Mathews John - St John the Baptist Church, Yordhanapuram
  2. Mr. Jojo Karappilly- Christ the King Church, Karukutty Monastery
  3. Mr. Paulose Antony - O.L. of Perpetual Succor Church, Ayathupady
  4. Mr. Jees P Paul - St. Antonys Church, Achinakom.

  Consolation Prizes: 1. Josmy Jijo- Infant Jesus Church, Kidangoor
  2. Nivah Anna - Mary Queen Church, Thoppil

**5. രണ്ടാം സെമസ്റ്റർ പരീക്ഷ:** 10, 11, 12 ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് പരീക്ഷ 2024 ജനുവരി 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ നടത്തി.

**6. പുനഃപരീക്ഷ:** X, XI, XII ക്ലാസ്സുകളിൽ ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷ എഴുതാൻ സാധിക്കാത്ത കുട്ടികൾക്കും പരീക്ഷയ്ക്ക് മിനിമം മാർക്ക് (14) ലഭിക്കാത്ത കുട്ടികൾക്കുമുള്ള പുനഃപരീക്ഷ അതിരൂപതാതലത്തിലാണ് നടത്തുന്നത്.

പുനഃപരീക്ഷ എഴുതാനുള്ള കുട്ടികൾ അതത് ഫൊറോന സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ 2024 ഫെബ്രുവരി 15-ന് മുമ്പായി 50 രൂപ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യണം. പുനഃപരീക്ഷ 2024 ഫെബ്രുവരി 25 ഞായറാഴ്ചയാണ്. സമയവും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.

**7. സന്മാർഗ്ഗബോധന പൊതുപരീക്ഷ:** 2024 ജനുവരി 05 വെള്ളിയാഴ്ച അതത് സ്കൂളുകളിൽ വച്ച് നടന്നു. ഏകദേശം 57,000 കുട്ടികൾ പരീക്ഷ എഴുതി.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200, E-Mail : jeevalayafamilypark@gmail.com

## 2024 ഫെബ്രുവരി - മാർച്ച്

### വിവാഹഒരുക്ക ധ്യാനം (MPR)

ഫെബ്രുവരി 05-07 (കലൂർ)
ഫെബ്രുവരി 20-22 (കാലടി)

മാർച്ച് 04-06 (കലൂർ)
മാർച്ച് 12-14 (കാലടി)
മാർച്ച് 22-24 (ചേർത്തല, നൈപുണ്യ)
മാർച്ച് 25-27 (കാലടി)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ബേബിഷൈൻ ധ്യാനം** (Contact: 8078334522)

ഫെബ്രുവരി 02-04

**ദമ്പതി ധ്യാനം** (Contact: 8078334522)

ഫെബ്രുവരി 15-18

**യൂദിത്ത് ഷൈൻ ധ്യാനം** (Contact: 9400929111)

ഫെബ്രുവരി 23-25

### ലോകവിവാഹദിനം - ഫെബ്രുവരി 11

ഈ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കി കൊടുക്കാൻ ഇടവക തലത്തിൽ വിവാഹിതർക്ക് വേണ്ടി പരിപാടികൾ സജ്ജീകരിക്കുന്നത് നല്ലതായിരിക്കും.

### വാലന്റൈൻ വീക്കെന്റ് - ഫെബ്രുവരി 10, 11 - നിവേദിത

ലോക വിവാഹദിനത്തിന്റെയും വാലന്റൈൻ ദിനത്തിന്റെയും പശ്ചാത്തലത്തിൽയുവദമ്പതികൾക്കായി ഫെബ്രുവരി 10,11 തീയതികളിൽ നിവേദിതയിൽ മാര്യേജ് എൻറിച്ച്മെന്റ് പ്രോഗ്രാം നടത്തുന്നു. ക്ലാസ്സുകൾ, മ്യൂസിക്ക് പരിപാടികൾ, കപ്പിൾഗെയിം ഉൾപ്പടുത്തിയുള്ള ഈ വീക്കെന്റ് പ്രോഗ്രാം ദാമ്പത്യത്തിന് ഉണർവ്വ് നൽകാൻ സഹായിക്കും (Contact number:8075202315, 9446744111).

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# CORPORATE EDUCATIONAL AGENCY

Renewal Centre, Azad Road, Kaloor, Kochi 682 017
www.ernakulameducationcouncil.com, Mob: 7907106119,
E-mail: ernakulameducation@gmail.com

## അദ്ധ്യാപക ഒഴിവുകൾ

**അപേക്ഷകൾ ക്ഷണിക്കുന്നു**

എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് മാനേജുമെന്റിലെ വിവിധ സ്കൂളുകളിൽ ഒഴിവു വരാൻ സാധ്യതയുള്ള എച്ച്എസ്, യുപി അദ്ധ്യാപക തസ്തികകളിലേയ്ക്കും ജൂനിയർ ഹിന്ദി, ജൂനിയർ അറബിക്, PET തസ്തികകളിലേയ്ക്കും യോഗ്യരായ ഉദ്യോഗാർത്ഥി കളിൽ നിന്നും നിശ്ചിത ഫോമുകളിൽ അപേക്ഷ ക്ഷണിക്കുന്നു. ഫോമു കൾ എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ വെബ്സൈറ്റിൽ (*www.ernakulameducationcouncil.com*) ഫെബ്രുവരി 19 മുതൽ ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2024 മാർച്ച് 6-ാം തിയതിക്കകം പ്രൊസസിംഗ് ഫീസായ 500 രൂപയോടൊപ്പം കോർപ്പറേറ്റ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. എല്ലാ അപേക്ഷകരും അതാത് വിഭാഗത്തിലുള്ള KTET യോഗ്യത പാസ്സായിരിക്കണം.

അപേക്ഷ സമർപ്പിക്കുന്നവർക്കായി 03/04/2024 ബുധനാഴ്ച രാവിലെ 10.30 മുതൽ 12 മണിവരെ താഴെപ്പറയുന്ന കേന്ദ്രങ്ങളിലായി എഴുത്തു പരീക്ഷ നടത്തുന്നതായിരിക്കും.

**പരീക്ഷ കേന്ദ്രങ്ങൾ**

1. സെന്റ് മേരീസ് ഹൈസ്കൂൾ, ആലുവ
2. സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ, എറണാകുളം

- **എഴുത്തു പരീക്ഷയിൽ ഉയർന്ന മാർക്കുള്ളവരെ വ്യക്തി പരമായ അഭിമുഖ പരീക്ഷ നടത്തിയാണ് റാങ്ക് ലിസ്റ്റ് തയ്യാ റാക്കുന്നത്.**
- **കോർപ്പറേറ്റ് സ്കൂളുകൾ നിലവിലുള്ള ഇടവകകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിൽ മുൻഗണന ഉണ്ടായിരിക്കും.**

- ❖ **എൽ.പി.എസ്.ടി. തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് അടുത്ത രണ്ടു അദ്ധ്യയന വർഷത്തേക്കു കൂടി നിലവിലുള്ള തിനാൽ ഇപ്പോൾ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.**
- ❖ **കോർപ്പറേറ്റ് ഏജൻസിയുടെ ഹയർ സെക്കന്ററി സ്കൂളു കളിൽ ഒഴിവുവരുന്ന തസ്തികകളിലേക്കുള്ള അപേക്ഷകൾ പിന്നീട് പരസ്യം ചെയ്തു ക്ഷണിക്കുന്നതായിരിക്കും.**
- ❖ ***for further details contact No. 7907106119 (from 11.00 a.m to 3.00 p.m)***

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

---

# CATHOLIC TEACHERS GUILD

Archdiocese of Ernakulam-Angamaly
Renewal Centre, Kaloor, Kochi - 682 017.

**നിയമോദയം - 2024**

റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് എറണാകുളം-അങ്കമാലി അതിരൂപതാ കാത്തലിക് ടീച്ചേഴ്സ് ഗിൽഡും ചൂണ്ടി ഭാരതമാത സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസും സംയുക്തമായി 100 സ്കൂളുകളെ പങ്കെടുപ്പിച്ച് സംഘടിപ്പിച്ച നിയമ ബോധവത്കരണ പരിപാടിയുടെ ഉത്ഘാടനം 2024 ജനുവരി 15-ന് തൃക്കാക്കര കാർഡിനൽ ഹൈസ്കൂളിൽ നടന്നു. സംസ്ഥാന മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ചൂണ്ടി ഭാരതമാത സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വടക്കുംപാടൻ (Jr) അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത യോഗത്തിൽ സുപ്രീം കോടതി ജഡ്ജി കെ.എം. ജോസഫ് മുഖ്യപ്രഭാഷണവും എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ മാനേജർ ഫാ. തോമസ് നങ്ങേലിമാലിൽ അനുഗ്രഹ പ്രഭാഷണവും നടത്തി.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

# AICO
## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| നവം. 24 | മാർ ലൂയിസ് ബുക്ക് സെന്റർ |
| നവം. 28 | 1. സെന്റ് മൈക്കിൾസ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് |
| | 2. വിയാനി പ്രിന്റിങ്ങ്സ്, എറണാകുളം |
| നവം. 30 | 1. ഭാരത മാതാ കോളേജ് എഡ്യുക്കേഷണൽ ട്രസ്റ്റ് |
| | 2. റിന്യൂവൽ സെന്റർ |
| ഡിസം. 07 | സഹൃദയ വെസ്കോ ക്രെഡിറ്റ് |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| നവം. 21 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| നവം. 23 | 1. നൈപുണ്യ കോളേജ്, പൊങ്ങം |
| | 2. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| നവം. 29 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ഡിസം. 01 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഡിസം. 07 | 1. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| | 2. ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഡിസം. 11 | നൈപുണ്യ കോളേജ്, പൊങ്ങം |
| ഡിസം. 12 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| ഡിസം. 14 | സെന്റ് റാഫേൽസ് സ്കൂൾ, എഴുപുന്ന |
| ഡിസം. 15 | കാത്തോലിക് സെന്റർ, ആലുവ |
| ഡിസം. 16 | നൈപുണ്യ കോളേജ്, പൊങ്ങം |
| ഡിസം. 19 | വെൽഫെയർ സെന്റർ, വൈക്കം |
| ഡിസം. 21 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## ജില്ലാ പഞ്ചായത്തിന്റെ ആദരം സഹൃദയയ്ക്ക്

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള മാരിവില്ല് പദ്ധതി ഉൾപ്പടെ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ വിവിധ സാമൂഹ്യ വികസന സംരംഭങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിന് സഹൃദയയ്ക്ക് ജില്ലാ പഞ്ചായത്തിന്റെ ആദരം. ജില്ലാ പഞ്ചായത്തിന്റെ മൂന്നാം വാർഷികാഘോഷത്തോടനുബന്ധിച്ചു സംഘടിപ്പിച്ച യോഗത്തിൽ സംസ്ഥാന വ്യവസായ വകുപ്പുമന്ത്രി പി. രാജീവ് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിലിന് ആദരസൂചകമായി പ്രസിഡന്റ്സ് എക്സലൻസ് അവാർഡ് കൈമാറി.

## ഭിന്നശേഷിക്കാർക്കുള്ള പകൽ വീടിന്റെ ശിലാസ്ഥാപനം

സഹൃദയയുടെ ആഭിമുഖ്യത്തിൽ ആലുവ പുറയാറിൽ ഫെഡറൽ ബാങ്കിന്റെ സി.എസ്.ആർ. സംരംഭമായ ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷനിൽ നിന്നും ഒരു കോടി രൂപ ചെലവിട്ടു നിർമിക്കുന്ന ഭിന്നശേഷിക്കാർക്കായുള്ള ആധുനികസൗകര്യങ്ങളോടുകൂടിയ പകൽവീടിന്റെ ശിലാസ്ഥാപനകർമം അതിരൂപതാ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂരും ഫെഡറൽ ബാങ്ക് ജനറൽ മാനേജരും സോണൽ ഹെഡുമായ കുര്യാക്കോസ് കോണിലും ചേർന്ന് നിർവഹിച്ചു. പകൽ വീടിനുള്ള സ്ഥലം ദാനം ചെയ്ത തട്ടിൽ ജോർജ്-മേരി ദമ്പതികൾ സന്നിഹിതരായിരുന്നു.

## ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണം: ബോധവൽകരണ പരിപാടി

ജില്ലാ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സഹൃദയയുമായി സഹകരിച്ച് ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണം എന്ന വിഷയത്തെ ആസ്പദമാക്കി സി.ബി.ഒ /എൻ.ജി.ഒ പ്രതിനിധികൾക്കായി ബോധവൽക്കരണ പരിപാടി വൈറ്റില ട്രാൻസ്ജെൻഡർ ക്ലിനിക്കിൽ സംഘടിപ്പിച്ചു.

**ഹോം നഴ്സിംഗ് പരിശീലനം**

ഏറെ തൊഴിൽ സാധ്യതയുള്ള ഹോം നഴ്സിംഗ് മേഖലയിൽ പ്രവർത്തിക്കാൻ താത്പര്യമുള്ള 18-നും 55 -നും ഇടയിൽ പ്രായവും കുറഞ്ഞത് പത്താം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുമുള്ള സ്ത്രീ പുരുഷന്മാർക്ക് വിദഗ്ദ്ധ പരിശീലനം നൽകി തൊഴിൽ സംഘടിപ്പിച്ചു നൽകുന്നു. താത്പര്യമുള്ളവർ 9884771406, 9400588525 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ക്രെഡിറ്റ് ക്യാമ്പ്**

നോർത്ത് കിടങ്ങൂർ, താബോർ, മൂന്നാംപറമ്പ് എന്നീ ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന കരുണ, നവജ്യോതി, സംഗീത എന്നീ സ്വയം സഹായ സംഘങ്ങളുടെയും തുതീയൂർ ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന കതിർ, നിലാവ്, എദൻ എന്നീ സ്വയം സഹായ സംഘങ്ങളുടെയും നോർത്ത് ചമ്പന്നൂർ ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന നവജീവൻ, നവോദയ എന്നീ സ്വയം സഹായ സംഘങ്ങളുടെയും കോടനാട്, ഐമുറി, മഞ്ഞപ്ര എന്നീ ഇടവകളുടെ കീഴിൽ പ്രവർത്തിക്കുന്ന ഭൂമിക, വിസ്മയ, ക്രിസ്റ്റി എന്നീ സ്വയം സഹായ സംഘങ്ങളുടെയും യൂണിവേഴ്സിറ്റി, കണ്ടനാട് എന്നീ ഇടവകളുടെ കീഴിൽ പ്രവർത്തിക്കുന്ന സൗഭാഗ്യ, സൗപർണിക, കരുണ എന്നീ സ്വയം സഹായസംഘങ്ങളുടെയും കരുമാലൂർ,കാരുകുന്ന്, പട്ടണം, തുണ്ടത്തും കടവ് എന്നീ ഇടവകളുടെ കീഴിൽ പ്രവർത്തിക്കുന്ന സൗമ്യ, ജെറുസലേം, സ്നേഹ, സ്നേഹ എം സ് എച്ച് ജി എന്നീ സ്വയം സഹായ സംഘങ്ങളുടെയും പ്രസാദഗിരി, കാക്കനാട് എന്നീ ഇടവകളുടെ കീഴിൽ പ്രവർത്തിക്കുന്ന അഭയം, മഹിമ എന്നീ സ്വയം സഹായ സംഘങ്ങളുടെയും വെസ്റ്റ് കൊരട്ടി, മംഗലശ്ശേരി എന്നീ ഇടവകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്നേഹിതാ,അർപ്പണ എന്നീ സ്വയം സഹായ സംഘങ്ങളുടെയും പാണാവള്ളി ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന തണൽ സ്വയം സഹായ സംഘങ്ങളുടെയും നായരമ്പലം, എടവനക്കാട് എന്നീ ഇടവകളുടെ കീഴിൽ പ്രവർത്തിക്കുന്ന ജാസ്മിൻ, അർച്ചന, കൃപ, വെണ്മ, വൈഗ, പൊൻപുലരി എന്നീ സ്വയം സഹായ സംഘങ്ങളുടെയും അയ്യമ്പുഴ ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്നേഹദീപം, അന്ന

എന്നീ സ്വയം സഹായ സംഘങ്ങളുടെയും ലിസ്യു നഗർ, ഒറ്റപ്പുന്ന എന്നീ ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന കരുണ, സ്നേഹ, ചൈതന്യ എന്നീ സ്വയം സഹായ സംഘങ്ങളുടെയും ക്രെഡിറ്റ് ക്യാമ്പ് നടത്തി.

**ജെ.എൽ.ജി. ഗ്രൂപ്പ് രൂപീകരണം**

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ.എൽ.ജി. അങ്കമാലി, പെരിയാർമുഖം, ഞാറല്ലൂർ, കുറുമശ്ശേരി, പട്ടണം, നെടുവന്നൂർ അമ്പുനാട് നീറിക്കോട്, ചെറായി, മഞ്ഞപ്ര, മൂക്കന്നൂർ, താന്നിപ്പുഴ തിരുനെല്ലൂർ,പള്ളിപ്പുറം, മഞ്ഞപ്ര, നോർത്ത് പറവൂർ, കേടാമംഗലം,പെരുമ്പാവൂർ, അയ്യമ്പുഴ, തദേവൂസ് പുരം, കളമശ്ശേരി, പഴങ്ങനാട്, കാർഡിനൽ നഗർ, വിജോപുരം, കോക്കുന്ന്, കാക്കനാട്, താബോർ, ആലങ്ങാട്, അശോകപുരം,, യോർദ്ദനാപുരം, കറുകുറ്റി മോണാസ്ട്രി, അയിരൂർ, മൂഴിക്കുളം എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

**സ്തനാർബുദ സാധ്യതാ പരിശോധനാ ക്യാമ്പ്**

സഹൃദയ, കൊച്ചി ഡി ലാബ് സുമായി സഹകരിച്ച് നടപ്പാക്കുന്ന ആശാദീപം സ്തനാർബുദ സാധ്യത പരിശോധന ക്യാമ്പ് കോക്കുന്ന് സെന്റ് ജോസഫ് ചർച്ച്, നീലീശ്വരം കരേറ്റമാതാ ആശ്രമ ദേവാലയം തൃപ്പൂണിത്തുറ സെന്റ് മേരീസ് ഫൊറോന പള്ളി കോക്കമംഗലം സെന്റ് തോമസ് പള്ളി എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

**വിദ്യാദർശൻ : എജുക്കേഷൻ പെർഫോമൻസ് ഇംപ്രൂവ്മെന്റ് സെമിനാർ**

സഹൃദയ നടപ്പാക്കി വരുന്ന വിദ്യാദർശൻ (ചിൽഡ്രൻസ് ഫൗണ്ടേഷൻ - റേ ഓഫ് ഹോപ്) പദ്ധതി അംഗങ്ങൾക്കായി ചേർത്തല മേഖലാ ഓഫീസിൽ പഠനനിലവാരം എങ്ങനെ ഉയർത്താം എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. 76 കുട്ടികളും അവരുടെ മാതാപിതാക്കളും പങ്കെടുത്തു.

**വനിതാ സംരംഭകർക്ക് സർട്ടിഫിക്കറ്റ് വിതരണം**

നബാർഡിൻെറ സൂക്ഷ്മ സംരംഭകത്വ വികസന പദ്ധതിയുടെ സഹകരണത്തോടെ സഹൃദയ വനിതകൾക്കായി സംഘടിപ്പിച്ച വിമൻസ് ബോട്ടിക്ക് ബിസിനസ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയ വർക്കുള്ള സർട്ടിഫിക്കറ്റ് വിതരണ സമ്മേളനം പൊന്നുരുന്നി കർദിനാൾ പാറേക്കാട്ടിൽ ഓഡിറ്റോറിയത്തിൽ നടത്തി. ടെയിലറിംഗ് , ബ്യൂട്ടീഷ്യൻ കോഴ്സുകളിൽ സ്റ്റൈപ്പെൻഡോടുകൂടി 15 ദിവസത്തെ സൗജന്യ പരിശീലനം നേടിയ 30 വനിതകൾക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സഹൃദയ, ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രം (RSETI), കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയം, ജനശിക്ഷൺ സൻസ്ഥാൻ എന്നിവരുടെ സഹകരണത്തോടെ വനിതകൾക്കായി സംഘടിപ്പിച്ച ഫാസ്റ്റ് ഫുഡ്, തയ്യൽ, ബ്യൂട്ടീഷ്യൻ കോഴ്സ് എന്നിവയി ലുള്ള സൗജന്യ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ വനിത കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചേർത്തല റീജിയണൽ ഓഫീസിൽ നടത്തി.

**കുടുംബശ്രീ-ഹരിതകർമ സേന പരിശീലനം**

സംസ്ഥാന കുടുംബശ്രീ മിഷൻ ഹരിതകർമ സേനാംഗങ്ങൾക്കായി സംഘടിപ്പിക്കുന്ന മൂന്നു ദിവസത്തെ കപ്പാസിറ്റി ബിൽഡിംഗ് പരിശീലനം സഹൃദയയുടെ ആഭിമുഖ്യത്തിൽ ഉദയം പേരൂർ, ചോറ്റാനിക്കര, മണീട്, മുളന്തുരുത്തി, ആമ്പല്ലൂർ, എടക്കാട്ടുവയൽ പഞ്ചായത്തുകളിൽ സംഘടിപ്പിച്ചു.

**സ്വയം തൊഴിൽ വായ്പ**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ കീഴിൽ വിവിധ വില്ലേജുകളിൽ പ്രവർത്തിച്ചുവരുന്ന 48 സംഘങ്ങളിലെ 315 അംഗങ്ങൾക്ക് സ്വയം തൊഴിൽ വിപുലീകരണത്തിനായി 2024 ജനുവരി മാസത്തിൽ 1,70,45,000 രൂപ വായ്പയായി വിതരണം ചെയ്തു.

**ജെ.എൽ.ജി. കൾക്ക് വായ്പ**

സഹൃദയ പുതിയതായി രൂപീകരിച്ചു വരുന്ന ജെ.എൽ.ജി. കൾക്ക് (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക്) 2024 ജനുവരി മാസത്തിൽ

സ്വയംതൊഴിൽ വിപുലീകരണത്തിനായി 69,30,000/ രൂപ ലോൺ നൽകി. 30 സംഘങ്ങളിലെ 143 അംഗങ്ങൾക്കാണ് ഈ തുക നൽകിയത്.

**ബയോബിൻ വിതരണം**

മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയുടെ മാലിന്യസംസ്കരണ പദ്ധതിയുടെ ഭാഗമായി സഹൃദയയുടെ ആഭിമുഖ്യത്തിൽ ബയോബിന്നുകൾ വിതരണം ചെയ്തു.

**ശാക്തീകരണ ക്ലാസ്സ്**

മൂക്കന്നൂർ ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന പുതിയ സ്വയം സഹായ സംഘങ്ങൾക്ക് വേണ്ടിയുള്ള ശാക്തീകരണ ക്ലാസ്സ് നടത്തി.

**സഹൃദയ ഫെസ്റ്റ്**

മായം കലരാത്ത ഭക്ഷ്യവസ്തുക്കൾ, ഗുണമേന്മയുള്ള വിത്തുകൾ, ചെടികൾ, ജൈവവളം എന്നിവ ജനങ്ങൾക്കിടയിലേക്ക് മിതമായ നിരക്കിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സഹൃദയയുടെ നേതൃത്വത്തിൽ ഒരുക്കുന്ന സഹൃദയ ഫെസ്റ്റ് കളമശ്ശേരി സെന്റ് ജോസഫ് ദേവാലയത്തിൽ നടത്തി.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947**

- **Overseas Education**
- Apply for Germany- Au pair, FSJ, Ausbildung
- Start Applying for Australia - February 2024 Intake
- IELTS offline & online classes (New batches on all Mondays)

- **NICE (Naipunnya International Communicative English)**
- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു.
- പുതിയ ബാച്ച് ഫെബ്രുവരി 12-ന് ആരംഭിക്കുന്നു.

- **Talent Track (20-ാമത് സ്പോൺസർഷിപ്പ് സംഗമം)**
- ടാലന്റ് ട്രാക്ക് വിദ്യാർത്ഥികൾക്കായി എല്ലാ വർഷവും സംഘടിപ്പിക്കുന്ന സ്പോൺസർഷിപ്പ് സംഗമം 2024 ജനുവരി 13-ന് കലൂർ റിന്യൂവൽ സെന്റർ സിസ്റ്റർ റാണിമരിയ ഹാളിൽ രാവിലെ 9.30 മുതൽ 1.00 മണിവരെ നടത്തപ്പെട്ടു. Ms. Gaby Kuipers കുട്ടികളോട് സംവദിച്ചു. വിദ്യാർത്ഥികൾ, ആനിമേറ്റേഴ്സ്, മാതാപിതാക്കൾ, സ്റ്റാഫ് എന്നിവർ ഉൾപ്പെടുന്ന 220 പേർ പങ്കെടുത്തു. ആനിമേറ്റേഴ്സിന്റെ സേവനത്തിന് ഉപഹാരം നൽകി ആദരിച്ചു.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 9072919144**

- ഇറ്റാലിയൻ കോഴ്സ് (A1, A2)
- ജർമ്മൻ കോഴ്സ് (A1)
- ഫ്രഞ്ച് കോഴ്സ് (A1)

- സ്പാനിഷ് കോഴ്സ് (A1 & A2) ഓൺലൈൻ
- സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & ഹൈസ്കൂൾ ക്ലാസ്സുകൾ തുടരുന്നു (2023-2024)
- KAS കോച്ചിംഗ് ക്ലാസ്സിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2023-2024)
- സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- UGC NET/JFR PAPER I & PAPER II (Batch for 2024 June exam)
- BANK (IBPS, PO, CLERK, SO) (new admission all Mondays)
- SSC (CGL, CHSL, MTS) (new admission all Mondays)
- C MAT, K-MAT (admission for next Exam)
- PSC - LDC 2024 (new admission all Mondays)
- IELTS - Regular class (all Mondays new batch)
- PTE (Pearson Test of English) (all Mondays new batch)
- Tuition for Std. 8, 9, 10 classes (Science & Maths)
- SET (Regular class)

## 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET, PTE തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യാഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

## ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്പ്സ്

എറണാകുളം-അങ്കമാലി അതിരൂപത ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഇടവക നവീകരണ ധ്യാനം, ഈശോസ്പർശം, ധ്യാനത്തിന് ഒരുക്കമായി ഹോം മിഷൻ എന്നിവ നടത്തുന്നു. ഈ ശുശ്രൂഷകൾ നടത്താൻ ആഗ്രഹിക്കുന്ന ഇടവകകൾ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടുക: ഓഫീസ്: 9946737160, റവ. ഫാ. സനു പുതുശേരി, അസിസ്റ്റന്റ് ഡയറക്ടർ (9744555662).

**മാർച്ച് മാസത്തിലെ ധ്യാനങ്ങൾ**

10 മുതൽ 13 വരെ അങ്കമാലി ബസിലിക്ക
15 മുതൽ 17 വരെ മുപ്പത്തടം
21 മുതൽ 23 വരെ കാട്ടൂർ (ആലപ്പുഴ)

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ (9847336829)**

## Department of Bible Apostolate

സംസ്ഥാന ബൈബിൾ കലോത്സവത്തിന് എറണാകുളം-അങ്കമാലി അതിരൂപത ഈ വർഷവും ഓവറോൾ കിരീടം നേടി. ഇതിനുവേണ്ട സഹായ സഹകരണങ്ങൾ നൽകിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. കലാമത്സരങ്ങളിൽ പങ്കെടുത്ത എല്ലാവരെയും അവർക്കു പിൻതുണ നൽകിയവരെയും നന്ദിയോടെ ഓർത്തു അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.

### സമ്മാനർഹരായവരുടെ പേരുകൾ

**കഥാപ്രസംഗം ഫസ്റ്റ് എ ഗ്രേഡ്**

അഞ്ചു മരിയ മാർട്ടിൻ, ബെസ്ലേഹം (സീനിയർ)
ഏഞ്ചലീനാ തദേവൂസ്, അശോകപുരം (ജൂനിയർ)

**ലളിതഗാനം ഫസ്റ്റ് എ ഗ്രേഡ്**

മേരി അനഘ ജോബ്, ഞാറയ്ക്കൽ

**നാടോടിനൃത്തം ഫസ്റ്റ് എ ഗ്രേഡ്**
കാറ്റ്ലെയിൻ ബിറ്റ്സീൻ, മൂഴിക്കുളം (ജൂനിയർ)

**പെയിന്റിംഗ് ഫസ്റ്റ് എ ഗ്രേഡ്**
സിയോണ ഉണ്ണി, വല്ലം (സീനിയർ)

**സങ്കീർത്തനാലാപനം ഫസ്റ്റ് എ**
അബിൽ കെ. സാബു, ദേവഗിരി (സീനിയർ)

**ശാസ്ത്രീയസംഗീതം ഫസ്റ്റ് എ**
മെഡോൺ വി എബ്രഹാം, പള്ളിപ്പുറം (സീനിയർ)

**ലളിതഗാനം ഫസ്റ്റ് ബി ഗ്രേഡ്**
ടി വീന കെ., ചേർത്തല (ജൂനിയർ)

**പെയിന്റിംഗ് സെക്കൻഡ് ഗ്രേഡ് എ ഗ്രേഡ്**
ബ്ലെസി പയസ്, പഴങ്ങനാട് (ജൂനിയർ)

**പ്രസംഗം സെക്കന്റ് എ ഗ്രേഡ്**
നേഹ മെജോ, എറണാകുളം

**പ്രസംഗം സെക്കന്റ് എ ഗ്രേഡ്**
ഡൊണാ എലിസബത്ത് കിഴക്കമ്പലം (സീനിയർ)

**ബൈബിൾ ക്വിസ് തേർഡ് (സീനിയർ)**
അന്ന ബ്ലെസി ബൈജു &
ലിഡിയ ഫ്രാൻസിസ്, ബെസ്ലേഹം

**മാർഗം കളി തേർഡ് എ ഗ്രേഡ്**
മരിയ തോമസ് & ടീം, സാഞ്ചോപുരം

**നാടോടി നൃത്തം തേർഡ് എ ഗ്രേഡ്**
ജിസ്നി ജോസഫ്, തൃപ്പൂണിത്തുറ (സീനിയർ)

**ലളിതഗാനം തേർഡ് ബി ഗ്രേഡ്**
ഗ്ലാഡ്സൺ കെ. ജെ., പറവൂർ (സീനിയർ)

**നാടോടി നൃത്തം എ ഗ്രേഡ്**
മെറിൻ ട്രീസ പോളി അങ്കമാലി (ജൂനിയർ)

**നാടോടി നൃത്തം എ ഗ്രേഡ്**
മിത്ര വിൽസ്, കിഴക്കമ്പലം (സീനിയർ)

**നാടകം എ ഗ്രേഡ്**

ആൻ മേരി & ടീം, ഞാറയ്ക്കൽ

**പെയിന്റിംഗ് എ ഗ്രേഡ് (ജൂനിയർ)**

എൽസ നോബി, എറണാകുളം

ആഷ്ലി ബിജു ഞാറള്ളൂർ

**പ്രസംഗം എ ഗ്രേഡ്**

ജുനൈറ്റ് ജുവൽ അങ്കമാലി (ജൂനിയർ)

**സങ്കീർത്തനാലാപനം എ ഗ്രേഡ്**

ടിവീന കെ. ജെ., ചേർത്തല (ജൂനിയർ)

ജോഹാന്ന സജീവ്, കാഞ്ഞൂർ (ജൂനിയർ)

**സങ്കീർത്തനാലാപനം എ ഗ്രേഡ്**

ആൽബിൻ എലൈൻ അങ്കമാലി (സീനിയർ)

**തെരുവുനാടകം എ ഗ്രേഡ്**

അബിൻ പോൾ & ടീം, ബെസ്ലേഹം

മികച്ച ഗ്രേഡുകൾ നേടി അതിരൂപതയ്ക്കുവേണ്ടി പോയിന്റുകൾ കരസ്ഥമാക്കിയ എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി.

ഡിസംബർ 31 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് കലൂർ റിന്യൂൽ സെന്ററിൽ നടത്തിയ സമ്മേളനത്തിൽ സംസ്ഥാന കലോത്സവത്തിൽ പങ്കെടുത്ത എല്ലാവരെയും, ലോഗോസ് റാങ്ക് ജേതാക്കളെയും, അതിരൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബോസ്കോ പുത്തൂർ പിതാവ് സമ്മാനങ്ങൾ നൽകി അനുമോദിച്ചു. ഈ മീറ്റിംഗിൽ വികാരി ജനറൽ മോൺസിഞ്ഞോർ ആന്റണി പെരുമായൻ അതിരൂപത ഫിനാൻസ് ഓഫീസർ റവ. ഫാ. പോൾ മാടശേരി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോജു കൊക്കാട്ട് എന്നിവരും സന്നിഹിതരായിരുന്നു.

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

# Department of Family Units & Parish Renewal

## മലയാറ്റൂർ തീർത്ഥാടനം 2024

നോമ്പുകാലത്ത് നടത്തിവരുന്ന മലയാറ്റൂർ തീർത്ഥാടനം ഫെബ്രുവരി 18 മുതൽ ആരംഭിക്കുകയാണ്. നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഞായറാഴ്ച കളിൽതന്നെകുടുംബയൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ മലയാറ്റൂർ തീർത്ഥാടനംനടത്തുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. എല്ലാ തീർത്ഥാടകരും മലയാറ്റൂർ അടിവാരത്തിൽ വൈകിട്ട് 4.00 മണിക്ക് എത്തിച്ചേർന്ന് പ്രാരംഭ പ്രാർത്ഥനയിൽ പങ്കെടുത്തശേഷം തീർത്ഥാടനം ആരംഭിക്കുവാൻ താല്പര്യപ്പെടുന്നു.

**ഫൊറോനകൾക്ക് നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങൾ:**

| | |
|---|---|
| ഫെബ്രുവരി 18 | - മഞ്ഞപ്ര, ഇടപ്പള്ളി, വല്ലം |
| ഫെബ്രുവരി 25 | - മൂക്കന്നൂർ, എറണാകുളം, കാഞ്ഞൂർ, കറുകുറ്റി |
| മാർച്ച് 03 | - കിഴക്കമ്പലം, തൃപ്പൂണിത്തുറ |
| മാർച്ച് 10 | - അങ്കമാലി, ചേർത്തല, കൊരട്ടി, വൈക്കം |
| മാർച്ച് 17 | - മൂഴിക്കുളം, പറവൂർ, പള്ളിപ്പുറം |

**ഫൊറോനാ കോഡിനേറ്റർമാർ**

| | |
|---|---|
| 1. അങ്കമാലി | - ഫാ. ആന്റണി പരവര |
| 2. ഇടപ്പള്ളി | - ഫാ. സേവ്യർ തേലക്കാട്ട് |
| 3. കിഴക്കമ്പലം | - ഫാ. സാജോ പടയാട്ടി |
| 4. മഞ്ഞപ്ര | - ഫാ. സാജു കോരേൻ |
| 5. വൈക്കം | - ഫാ. പോൾ കോട്ടയ്ക്കൽ |
| 6. വല്ലം | - ഫാ. ബാബു കളത്തിൽ |

ചേർത്തല, എറണാകുളം, കാഞ്ഞൂർ, കറുകുറ്റി, കൊരട്ടി, മൂക്കന്നൂർ, മൂഴിക്കുളം, പള്ളിപ്പുറം, പറവൂർ, തൃപ്പൂണിത്തറ എന്നീ ഫൊറോന കളുടെ കോ-ഓഡിനേറ്റർമാരെ ഫൊറോന വികാരിമാർ നിശ്ചയിച്ച് അതാത് ഫൊറോനകളിൽ അറിയിക്കുന്നതാണ്.

**ഫാ ഡെന്നി കാട്ടയിൽ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ബിഷപ്പ് ബോസ്കോ പുത്തൂർ

**ജനുവരി 2024**

01 കൈപ്ര ചാവറസദൻ മഠത്തിൽ സി. ഡെന്നീസ് സി. എം. സി. യുടെ മൃതസംസ്കാരകർമ്മങ്ങളുടെ അവസാനഭാഗത്ത് കാർമ്മികത്വം വഹിച്ചു.

03 കൈപ്ര ചാവറസദൻ മഠത്തിൽ സി. സൂസറ്റ സി.എം.സി യുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

മറ്റൂരിൽ ബഹുമാനപ്പെട്ട മാർട്ടിൻ കല്ലുങ്കൽ അച്ചന്റെ പിതൃസഹോദരന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് (ഭവനത്തിൽ) കാർമികത്വം വഹിച്ചു.

സാഗർ രൂപതാംഗമായ ഫാ. ഡേവിഡ് ചക്യത്തിന്റെ നിര്യാണത്തിൽ അനുശോചനം അറിയിച്ചുകൊണ്ട് എളവൂരിലുള്ള അദ്ദേഹത്തിന്റെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

മെൽബൺ രൂപതയുടെ തിരുമുടിക്കുന്നിലുള്ള മൈനർ സെമിനാരി സന്ദർശിച്ച് ദിവ്യബലി അർപ്പിച്ചു.

03 മേവെള്ളൂരിൽ ബഹുമാനപ്പെട്ട ലൂക്കോസ് കുന്നത്തൂർ അച്ചന്റെ സഹോദരന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് (ഭവനത്തിൽ) കാർമികത്വം വഹിച്ചു.

06 കാക്കനാട് സി. എം. ഐ ജനറലേറ്റിൽ ജനറാൾ പെരിയ ബഹുമാനപ്പെട്ട തോമസ് ചാത്തംപറമ്പിലച്ചന്റെ വ്രതവാഗ്ദാനത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

07 അരമനയിലെ സ്റ്റാഫ് ആയ ശ്രീമതി ബിന്ദുവിന്റെ വന്ദ്യപിതാവിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

08–13 സീറോമലബാർ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

11 പുതുതായി തിരഞ്ഞെടുക്കപ്പെട്ട മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ സ്ഥാനാരോഹണച്ചടങ്ങുകളിൽ സംബന്ധിച്ചു.

13 മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന് എറണാകുളം അരമനയിൽ സ്വീകരണം നൽകി.

14 ഉച്ചകഴിഞ്ഞ്, മേജർ ആർച്ചുബിഷപ്പിന് തൃശ്ശൂർ രൂപതയിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു.

വൈകുന്നേരം കിടങ്ങൂരിൽ ബഹുമാനപ്പെട്ട പോൾ കല്ലൂക്കാരൻ അച്ചന്റെ സഹോദരഭാര്യയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

15 രാവിലെ, സഹൃദയ (അതിരൂപതാ സോഷ്യൽ വെൽഫെയർ വിഭാഗം) ഭിന്നശേഷിക്കാർക്കായി ചൊവ്വരയിൽ ഒരുക്കുന്ന പകൽവീടിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

16 രാവിലെ, കോക്കമംഗലം എഫ്. സി. സി. മഠാംഗമായ സി. സാങ്റ്റയുടെ മൃതസംസ്കാരശുശ്രൂഷയുടെ മഠത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

ഫിനാൻസ് ഓഫീസേഴ്സിനായി പാലാരിവട്ടം പി. ഒ. സി. സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു. ഫാ. ജേക്കബ് പ്രസാദ് വിവർത്തനം ചെയ്ത രണ്ട് പുസ്തകങ്ങൾ പ്രകാശനം ചെയ്തു.

18 ഉച്ചകഴിഞ്ഞ്, പല്ലംതുരുത്ത് ഇടവകവികാരിയായ ബഹുമാനപ്പെട്ട ജോൺസൻ തെക്കൂടൻ സി.എം.ഐ. അച്ചന്റെ സഹോദരന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് (പള്ളിക്കുന്നിലുള്ള ഭവനത്തിൽ) കാർമികത്വം വഹിച്ചു.

19 ബഹുമാനപ്പെട്ട ഇഗ്നേഷ്യസ് പയ്യപ്പിള്ളി അച്ചൻ രചിച്ച മലയാറ്റൂരും നസ്രാണികളും എന്ന പുസ്തകത്തിന്റെ പ്രകാശനച്ചടങ്ങിൽ (പാലാരിവട്ടം പി. ഓ. സി. യിൽ) പങ്കെടുത്തു.

20 വൈകുന്നേരം, കോട്ടപ്പുറം രൂപതയുടെ പുതിയ മെത്രാൻ ബിഷപ് അംബ്രോസ് പുത്തൻവീട്ടിലിന്റെ മെത്രാഭിഷേകത്തെത്തുടർന്നുള്ള സ്വീകരണയോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു.

മൗണ്ട് സെന്റ് തോമസ്സിൽ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിലുമായി കൂടിക്കാഴ്ച നടത്തി.

22 ഉച്ചകഴിഞ്ഞ്, അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

26 രാവിലെ ഭാരതത്തിന്റെ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് അരമനയിൽ ദേശീയപതാക ഉയർത്തി.

27 രാവിലെ ചെങ്ങൽ സെന്റ് ജർമെയിൻസ് മഠത്തിൽ സി. ഷാബോർ സി. എം. സി. യുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം വളമംഗലത്ത് അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവിന്റെ സഹോദരഭാര്യയുടെ മൃതസംസ്കാരകർമ്മങ്ങളുടെ സമാപനശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

28 വൈകുന്നേരം കാലടിയിൽ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വാഴപ്പിള്ളി അച്ചന്റെ സഹോദരന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

തൃക്കാക്കര മൈനർസെമിനാരി സന്ദർശിച്ചു

29 രാവിലെ ആലോചനാസമതിയോഗത്തിൽ പങ്കെടുത്തു.

ഉച്ചയ്ക്ക് ആലോചനാസമിതിയംഗങ്ങളോടും അരമനയിലെ സ്റ്റാഫംഗങ്ങളോടുമൊപ്പം നാമഹേതുകത്തിരുന്നാൾ ആഘോഷിച്ചു. അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവും അഭിവന്ദ്യ ആന്റണി കരിയിൽ പിതാവും സന്നിഹിതരായിരുന്നു.


30 രാവിലെ അങ്കമാലി വിൻസെൻഷ്യൻ പ്രൊവിൻഷ്യൽ ഹൗസിൽ ബഹുമാനപ്പെട്ട ഫാ. തോമസ് ഞാറയ്ക്കൽ വി. സി. യുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

പൊങ്ങം നൈപുണ്യ കോളേജ് സന്ദർശിച്ചു.

ഉച്ചകഴിഞ്ഞ് ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിന്റെ വാർഷികയോഗത്തിൽ സംബന്ധിച്ച് അനുഗ്രഹപ്രഭാഷണം നടത്തി.

വൈകുന്നേരം സി. ബി. സി. ഐ. യോഗത്തിൽ പങ്കെടുക്കുന്നതിന് ബംഗ്ളൂർക്ക് പോയി.

* * * * *


ബൈബിൾ
BLESSED MARTYR
RANI MARIA

RNI No. 3421/57
Date of Publication: 01-02-2024

Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org